# വേർപാട്

012

അടിസ്ഥാന ഉപദേശങ്ങൾക്കും വേർപാടു സത്യങ്ങൾക്കുമായി
നിലകൊള്ളുന്ന ഒരു ബ്രദറൺ പ്രസിദ്ധീകരണം

## കന്യകാജനനം



ബ്രദറൺ റിസർച്ച് ഗ്രൂപ്പ് പ്രസിദ്ധീകരണം

# വേർപാട്
വാർത്താ പത്രിക



## എഡിറ്റോറിയൽ ടീം
EDITORIAL TEAM


**ചീഫ് എഡിറ്റർ**

ഡോ. ജോൺസൺ സി. ഫിലിപ്പ്

**മാനേജിംഗ് എഡിറ്റർ**

ഡോ. സനീഷ് ചെറിയാൻ

**എഡിറ്റോറിയൽ ബോർഡ്**

1. സ്കറിയ വർഗീസ്
2. ഏബ്രഹാം തോമസ്, കൊച്ചി
3. പി.ഇ. സാംകുട്ടി
4. അലക്സാണ്ടർ കോശി

**ഓവർസീസ് എഡിറ്റോറിയൽ ബോർഡ്**

ഡോ. സണ്ണി എഴുമറ്റൂർ, യു.എസ്.എ.
ഡോ. കെ.എം. ശമുവേൽ, കെനിയ
നോയൽ ഡാനിയേൽ, യു.എസ്.എ.
ജോൺ ഏബ്രഹാം, ദുബായ്

**പബ്ലിഷർ**

ജിജോ സി. ജോർജ്ജ്

**ഡിസൈൻ & ലേ ഔട്ട്**

ലോഗോസ് മീഡിയ

**പ്രിന്റിംഗ്**

മാപ്തോ പ്രിന്റിംഗ്സ്, കളമശ്ശേരി

**ഡോക്ട്രിനൽ അഡ്വൈസറി ബോർഡ്**

1. കെ.എ. ഫിലിപ്പ്
2. ഫിലിപ്പ് ഏബ്രഹാം
3. ഇ.ജെ. പൈലി
4. പി.പി. ജോർജ്ജ്
5. ജോർജ്ജ് പീറ്റർ
6. എം.സി. ജോർജ്ജ്
7. ജോസ് മാങ്കുടി
8. എസ്.കെ. ഡേവിഡ്
9. കെ.വി. ഐസക്
10. വി.എം. പോൾ
11. കെ. ഗോപിനാഥൻ
12. ഡോ. പി.എം. ജോർജ്ജ്കുട്ടി
13. പ്രൊഫ. മാത്യൂസ് ഏബ്രഹാം
14. സി.ഒ. ഡേവീസ്
15. റെജി. കെ. തോമസ്

**മീഡിയ കൺസൽട്ടന്റ്സ്**

1. ഫിലിപ്പ് കെ. ആൻഡ്രൂസ്
2. ജോൺ സെബാസ്റ്റ്യൻ
3. പ്രമോദ് തോമസ്
4. സജി ഇടിക്കുള
5. റെജി കെ. പോൾ

**മാനേജിംഗ് കമ്മിറ്റി**

1. ഡോ. ബഞ്ചമിൻ ഏബ്രഹാം
2. വിക്ടർ ജോർജ്ജ് കുര്യാക്കോസ്
3. സാമുവേൽ പി. വർക്കി
4. രഞ്ജിത്ത് കുമാർ
5. വർക്കി ജോർജ്ജ്
6. രാജു കെ. തോമസ്
7. തോംസൺ കെ. പോൾ


**വാർത്തകളും കത്തുകളും, വരിസംഖ്യയും അയക്കേണ്ട വിലാസം**


**Saneesh Cherian,**
Logos Bhavan
Maneed P.O., Ernakulam 686726, Kerala
Mob : 9497479976
E-mail : BrethrenAssemblyNews@gmail.com
Website : www.BrethrenAssemblyNews.com


**വാർഷിക വരിസംഖ്യ : Rs.150/-**

## വരിക്കാരുടെ ശ്രദ്ധയ്ക്ക്




വേർപാടു സഭകളുടെ നന്മയും മഹത്വവും ഉയർത്തിക്കാണിക്കുകയും ദുരുപദേശങ്ങളെ വസ്തുനിഷ്ഠമായി ഖണ്ഡിക്കുകയും ചെയ്യുന്നതിൽ പ്രതിജ്ഞാബദ്ധമായിരിക്കുന്ന വേർപാട് വാർത്താപത്രികയിൽ പ്രസിദ്ധീകരിക്കുന്നതിന് വാർത്തകളും ലേഖനങ്ങളും അയക്കുന്നവർ അക്കാര്യം പ്രത്യേകം ശ്രദ്ധിക്കുമല്ലോ. ഈ പ്രസിദ്ധീകരണത്തെ ഓർത്തു പ്രാർത്ഥിക്കണമെ.

# വേർപാട്

അടിസ്ഥാന ഉപദേശങ്ങൾക്കും
വേർപാടു സത്യങ്ങൾക്കുമായി
നിലകൊള്ളുന്ന ഒരു ബ്രദറൺ
പ്രസിദ്ധീകരണം

Volume 12 May 2012


## ഉള്ളടക്കം


സഹോദരിമാർ സഭയിൽ 02

കന്യകാജനനം 03





സകലവും നന്മയ്ക്ക് 05

വേർപാട് ന്യൂസ് 07

വേർപാട് 10
കവിത

കെ.വി. തോമസ് 11

വേദവിജ്ഞാനം
പുറപ്പാട് പുസ്തകം 15


## എഡിറ്റോറിയൽ

# അനുഗ്രഹീതമായ ഒരു വർഷം




വേർപാട് വാർത്താപത്രിക അനുഗ്രഹീതമായ ഒരു വർഷം പിന്നിടുകയാണ്. 2011 ജൂൺ മാസത്തിൽ ഇ – മാഗസിനായാണ് വേർപാട് പ്രസിദ്ധീകരണം ആരംഭിച്ചത്. ദൈവജനത്തിന്റെ ആവശ്യപ്രകാരം മൂന്നാമതു ലക്കം മുതൽ പ്രിന്റ് ചെയ്യുന്നതിനിടയായി. അടിസ്ഥാന ഉപദേശങ്ങൾക്കും വേർപാടു സത്യങ്ങൾക്കുമായി നിലകൊള്ളുന്നുവെന്ന പ്രഖ്യാപിത ലക്ഷ്യത്തിൽ നിന്നു വ്യതിചലിക്കാതെ മുന്നേറുവാൻ സർവ്വശക്തനായ ദൈവം ഞങ്ങൾക്കു കൃപ നൽകി.

വേർപാടു വാർത്താപത്രികയ്ക്കു വമ്പിച്ച സ്വീകരണമാണ് വിശ്വാസികളിൽ നിന്നും ലഭിച്ചത്. ഒരു വർഷം കൊണ്ട് 3000 വിശ്വാസ ഭവനങ്ങളിൽ വേർപാട് തപാൽ മാർഗ്ഗം എത്തുന്നു. സ്ത്രീവിമോചനം പോലുള്ള സ്പെഷ്യൽ പതിപ്പുകൾ 5000 കോപ്പികൾ വരെ പ്രിന്റ് ചെയ്ത് വിതരണം ചെയ്യപ്പെടുന്നു. 10,000 കോപ്പികൾ ഇന്റർനെറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യപ്പെടുന്നു.


ദൈവജനത്തിന്റെ നിർല്ലോഭമായ സഹകരണം കൊണ്ടാണ് ഈ വാർത്താപത്രിക പ്രസിദ്ധീകരിക്കപ്പെടുന്നത്. തുടർന്നും ഈ പ്രവർത്തനത്തെ ഓർത്തു പ്രാർത്ഥിക്കുകയും സഹകരിക്കുകയും ചെയ്യുമല്ലോ.

നമുക്ക് വേർപാടു സത്യങ്ങളുടെ സംരക്ഷണത്തിനായി കൈകോർക്കാം.

ഡോ. സനീഷ് ചെറിയാൻ

കഴിഞ്ഞ ലക്കം തുടർച്ച....

# സഹോദരിമാർ സഭയിൽ



**നോയൽ ഡാനിയേൽ**

ദൈവം ഒരിക്കലും ഒരു സ്ത്രീയെ ദേശീയമായി പ്രവാചകിയോ പുരോഹിതയോ ആയി അഭിഷേകം ചെയ്തിട്ടില്ല. ദെബോര മറ്റുള്ള ന്യായാധിപന്മാരെപ്പോലെ യിസ്രായേലിനെ ശത്രുക്കളുടെ കൈയ്യിൽ നിന്നും വിടുവിച്ചില്ല. യിസ്രായേൽ സിസേറയുടെ അടിമത്വത്തിൽ ആയിരുന്നപ്പോൾ ദെബോര ന്യായപാലനം ചെയ്തു. എന്നാൽ നേതൃത്വം കൊടുക്കുവാനും വിജയം വരിക്കാനും പൊതുവിൽ ബാരക്കിനെയാണ് ദൈവം നിയോഗിച്ചത്. ദെബൊരയ്ക്ക് അവളുടെ വിളി മനസ്സിലായതു കൊണ്ട് നേതൃത്വം സ്വയം ഏറ്റെടുക്കാതെ പുരുഷന് വിട്ടുകൊടുക്കുകയാണ് ചെയ്തത്. വിശ്വാസ വീരന്മാരെക്കുറിച്ച് പറയുമ്പോൾ ദെബോരയുടെ കാര്യം പറയാതെ ബാരാക്കിനെക്കുറിച്ച് പറയുന്നതും ശ്രദ്ധേയമാണ്. (എബ്രാ. 11:32)

### സ്ത്രീകളെ പ്രസംഗിക്കുവാൻ അനുവദിക്കാത്തതിന്റെ കാരണം

പഴയ നിയമത്തിലെ ദേവാലയത്തിൽ പൗരോഹിത്യ ശുശ്രൂഷയ്ക്കായി ദൈവം നിയോഗിച്ചത് പുരുഷന്മാരെ മാത്രമായിരുന്നു. കൃപായുഗത്തിൽ വിശ്വാസികളായ സ്ത്രീകളുടെയും പുരുഷന്മാരുടേയും ഹൃദയങ്ങളിൽ ദൈവാത്മാവ് വസിക്കുന്നതിനാൽ ഹൃദയമാകുന്ന ദൈവാലയത്തിൽ അധിവസിക്കുന്ന ദൈവത്തിന് ആരാധന അർപ്പിക്കുന്നവർ എന്ന നിലയിൽ സ്ത്രീകളും പുരുഷന്മാരും ഒരുപോലെ പൗരോഹിത്യ ശുശ്രൂഷ ചെയ്യുന്നവരാണ്. ഈ പൗരോഹിത്യ ശുശ്രൂഷ വ്യക്തിപരവുമാണ്. എന്നാൽ ജീവനുള്ള കല്ലുകളെ ചേർത്തു പണിത ദൈവാലയത്തിൽ (സഭയിൽ) പൊതുവായി അർപ്പിക്കുന്ന ആരാധനയും ശുശ്രൂഷകളും പ്രതിനിധാന ശുശ്രൂഷകളാണ്. അതുകൊണ്ട് ജനത്തെ പ്രതിനിധീകരിച്ചുകൊണ്ടുള്ള നായകത്വ ശുശ്രൂഷകൾ ചെയ്യുവാനായി ദൈവം സ്ത്രീകളെ അനുവദിക്കുന്നില്ല.

പുതിയ നിയമത്തിലോ പഴയ നിയമത്തിലോ എങ്ങും തന്നെ ഒരു സ്ത്രീയെ മതപരമായോ ഭവനത്തിലോ നേതൃത്വം കൊടുക്കുവാനായി പുരുഷന്മാരുടെ മേൽ അധികാരപ്പെടുത്തിയതായി കാണുന്നില്ല. ആദിമ സഭയിൽ അപ്പോസ്തലന്മാരായി പുരുഷൻമാർ മാത്രമായിരുന്നു. സഭാമൂപ്പന്മാരായും പുരുഷന്മാരെ മാത്രമാണ് തിരഞ്ഞെടുത്തത് (1 തിമൊ. 3:11–12; 1 തിമൊ 2:9–12). അതുകൊണ്ടാണ് സ്ത്രീകൾ സംസാരിക്കുവാൻ പാടില്ല എന്ന് അപ്പൊസ്തലനായ പൗലൊസ് പറഞ്ഞിരിക്കുന്നത്.

യെരുശലേമിൽ പോകുന്നതിന് മുമ്പായി പൗലൊസ് ഫിലിപ്പോസിന്റെ ഭവനത്തിൽ താമസിച്ചു. ഫിലിപ്പോസിന് കന്യകമാരും പ്രവചിക്കുന്നവരുമായ നാലു പുത്രിമാരുണ്ടായിരുന്നതിനെക്കുറിച്ച് അപ്പൊ. പ്രവൃ 21:9 ൽ പറയുന്നു. ഇവർക്ക് പ്രവചനവരം ഉണ്ടായിരുന്നെങ്കിലും സഭയിൽ അത് പ്രയോജനപ്പെടുത്തിയതായി തെളിവില്ല. എന്നാൽ പൗലൊസ് താമസിച്ചിരുന്ന ഫിലിപ്പോസിന്റെ ഭവനത്തിൽ പ്രവചിക്കുന്ന പുത്രിമാർ ഉണ്ടായിരുന്നിട്ടും ദൈവം അവരെ ഉപയോഗിക്കാതെ 40 മൈൽ ദൂരെയുള്ള യെഹൂദ്യയിൽ നിന്നും അഗബാസ് എന്ന പുരുഷനെയാണ് പൗലോസിനെ പ്രബോധിപ്പിക്കുവാനായി കൊണ്ടുവന്നത്. ഇവിടെ ദൈവീക നേതൃത്വത്തിന്റെ തത്വം മനസ്സിലാക്കുന്നു.

ദൈവം പുരുഷന് അധികാരവും ഉത്തരവാദിത്വവും ആത്മീയ നേതൃത്വവും കൊടുത്ത് സ്ത്രീയെ പുരുഷന് തുണയായിരിക്കുവാൻ ആക്കിവച്ചതുകൊണ്ട് സ്ത്രീ ആ നിലയിൽ വിധേയപ്പെടുമെങ്കിൽ ഭവനവും സഭയും അനുഗ്രഹിക്കപ്പെടും.

●

പുതിയ നിയമത്തിലോ പഴയ നിയമത്തിലോ എങ്ങും തന്നെ ഒരു സ്ത്രീയെ മതപരമായോ ഭവനത്തിലോ നേതൃത്വം കൊടുക്കുവാനായി പുരുഷന്മാരുടെ മേൽ അധികാരപ്പെടുത്തിയതായി കാണുന്നില്ല. ആദിമ സഭയിൽ അപ്പോസ്തലനായി പുരുഷൻമാർ മാത്രമായിരുന്നു. സഭാമൂപ്പന്മാരായും പുരുഷന്മാരെ മാത്രമാണ് തിരഞ്ഞെടുത്തത്



# കന്യകാജനനം

ഡോ. ജോൺസൺ സി. ഫിലിപ്പ്

ക്രിസ്തീയ വിശ്വാസത്തിന്റെ അടിസ്ഥാന ഉപദേശങ്ങളിലൊന്നാണ് യേശുക്രിസ്തുവിന്റെ കന്യകാജനനം. എന്നാൽ വളരെ വിരളമായി മാത്രമേ ഈ ഉപദേശത്തെക്കുറിച്ച് പ്രസംഗികരും വേദാദ്ധ്യാപകരും പറയാറുള്ളൂ. വേദനിഷേധികളും യേശുക്രിസ്തുവിന്റെ ദൈവത്വം നിഷേധിക്കുന്നവരും കൂടെക്കൂടെ ആക്രമിക്കുന്ന ഒരു വിഷയമായിരിക്കയാൽ കന്യകാജനനം എന്ന വിഷയത്തിൽ അടിസ്ഥാനപരമായി ചില ഉൾക്കാഴ്ചകൾ നൽകാൻ ഞാനാഗ്രഹിക്കുന്നു.

യേശുക്രിസ്തുവിന്റെ ജനനം കന്യകയിലൂടെ ആയിരുന്നു എന്നതാണ് ഈ ഉപദേശം. സ്ത്രീ പുരുഷബന്ധത്തിലൂടെയല്ലാതെ മറിയയുടെ ഗർഭപാത്രത്തിൽ പരിശുദ്ധാത്മാവാം ദൈവത്തിന്റെ അത്ഭുതപ്രവൃത്തിയാൽ ഭ്രൂണമായി യേശു ഉരുവായി എന്നതാണ് ഇതു കൊണ്ടർത്ഥമാക്കുന്നത്.

യേശുക്രിസ്തുവിന്റെ കന്യകാജനനത്തെക്കുറിച്ച് പറയുന്നതായ ആദ്യവേദഭാഗം ഉൽപത്തി 3:15 ആണ്. 'ഞാൻ നിനക്കും സ്ത്രീക്കും നിന്റെ സന്തതിക്കും അവളുടെ സന്തതിക്കും തമ്മിൽ ശത്രുത്വം ഉണ്ടാക്കും.അ വൻന ിന്റെത ലത കർക്കും;ന ീ അവന്റെ കുതികാൽ തകർക്കും.” സ്ത്രീയുടെ സന്തതിഎ ന്നതുമ ശിഹായുടെജ ഡാവതാരത്തെക്കുറിച്ചുള്ള പരാമർശമായി മനസ്സിലാക്കാം. മനുഷ്യവംശത്തിന്റെ സ്വാഭാവിക ജനനത്തിൽ പുരുഷന്റെ സന്തതി എന്നാണ് പറയപ്പെട്ടു വരുന്നത്.

ഈ സത്യത്തെ കുറച്ചു കൂടി വ്യക്തമായി യെശയ്യാ പ്രവാചകനിലൂടെ ദൈവം വെളിപ്പെടുത്തുന്നു. “കന്യക ഗർഭിണിയായി ഒരു മകനെ പ്രസവിക്കും; അവന്നു ഇമ്മാനുവേൽ എന്നു പേർ വിളിക്കും.; (7:14) മശിഹായുടെ ജഡാവതാരംഒ രുക ന്യകയിലൂടെയാണെന്നക ാര്യം ഈ പ്ര വചനത്തിൽസ ്പഷ്ടമാകുന്നു.പ ുരുഷന്നു മശിഹായുടെ ജനനത്തിൽ യാതൊരു പങ്കാളിത്തവുമില്ല; കന്യകയിലാണ് താൻ ജഡാവതാരം എടുത്തത്.

ഈ പ്രവചനം കഴിഞ്ഞ് ചില നൂറ്റാണ്ടുകൾക്കു ശേഷമാണ് വാഗ്ദത്ത മശിഹായുടെ ഗർഭധാരണവും ജനനവും സംബന്ധിച്ച വിശദവിവരങ്ങൾ വെളിപ്പെടുന്നത്. മറിയയും യോസേഫും തമ്മിലുള്ള ശാരീരിക ബന്ധത്തിലൂടെയല്ല അവൾ ഗർഭം ധരിച്ചത്. ദൈവിക പദ്ധതിക്ക് സ്വയം സമർപ്പിച്ച മറിയയിൽ പരിശുദ്ധാത്മാവിന്റെ പരമാധികാര ഹിതപ്രകാരമുള്ള വ്യാപാരത്താലാണ് അവൾ ഗർഭം ധരിച്ചത്. നാം ഇപ്രകാരം വായിക്കുന്നു;

> “എന്നാൽ യേശുക്രിസ്തുവിന്റെ ജനനം ഈ വണ്ണം ആയിരുന്നു. അവന്റെ അമ്മയായ മറിയ യോസേഫിന് വിവാഹം നിശ്ചയിക്കപ്പെട്ട ശേഷം അവർ കൂടിവരും മുമ്പെ പരിശുദ്ധാത്മാവിനാൽ ഗർഭിണിയായി എന്നു കണ്ടു.” (മത്താ 1:18). ‘‘കർത്താവിന്റെ ദൂതൻ അവന്നു സ്വപ്നത്തിൽ പ്രത്യക്ഷനായി; ദാവീദിന്റെ മകനായ യോസേഫേ, നിന്റെ ഭാര്യയായ മറിയയെ ചേർത്തു കൊൾവാൻ ശങ്കിക്കേണ്ട; അവളിൽ ഉൽപാദിതമായതുപ രിശുദ്ധാത്മാവിനാൽആ കുന്നു.” (മത്താ. 1:20) “അതിന്നു ദൂതൻ; പരിശുദ്ധാത്മാവ് നിന്റെ മേൽ വരും; അത്യുന്നതന്റെ ശക്തി നിന്റെ മേൽ നിഴലിടും; ആകയാൽ ഉത്ഭവിക്കുന്ന വിശുദ്ധ പ്രജ ദൈവപുത്രൻ എന്നു വിളിക്കപ്പെടും.” (ലൂക്കോ 1:35)

“കന്യക ഗർഭിണിയായി ഒരു മകനെ പ്രസവിക്കും; അവന്നു ഇമ്മാനുവേൽ എന്നു പേർ വിളിക്കും.; (യെശ. 7:14) മശിഹായുടെ ജഡാവതാരം ഒരു കന്യകയിലൂടെയാണെന്ന കാര്യം ഈ പ്രവചനത്തിൽ സ്പഷ്ടമാകുന്നു.

യെശയ്യാ പ്രവാചകനിലൂടെ മശിഹായുടെ കന്യകാജനനം സംബന്ധിച്ചു നൽകപ്പെട്ട പ്രവചനം മത്തായി 1:23 ൽ പുനരുദ്ധരിച്ചുകൊണ്ട് അതു നിറവേറിയതായി വ്യക്തമാക്കുന്നു. "കന്യക ഗർഭിണിയായി ഒരു മകനെ പ്രസവിക്കും. അവന്നു ദൈവം നമ്മോടു കൂടെ എന്നർത്ഥമുള്ള ഇമ്മാനുവേൽ എന്നു പേർവിളിക്കും." എന്നു കർത്താവ് പ്രവാചകൻ മുഖാന്തരം അരുളിച്ചെയ്തതു നിവൃത്തിയാകുവാൻ ഇതൊക്കെ സംഭവിച്ചു."

ഉൽപ്പത്തി പുസ്തകത്തിൽ തുടങ്ങി സുവിശേഷങ്ങൾ വരെ വീണ്ടെടുപ്പുകാരനായ മശിഹായുടെ കന്യകാജനനത്തെക്കുറിച്ചുള്ള പരാമർശങ്ങൾ നാം ആവർത്തിച്ചു കാണുന്നു. പ്രവചനം, ചരിത്ര വിവരം, പ്രവചനനിവൃത്തി എന്നീ നിലകളിൽ നാമതു കാണുന്നു.

**കന്യകാ ജനനത്തിനുള്ള കാരണം :** മനുഷ്യന്റെ വീണ്ടെടുപ്പുകാരൻപ ാപരഹിതനായിരിക്കണം. ഗർഭധാരണ സമയത്തു തന്നെ പാപം തലമുറകളിലേക്കു പകരപ്പെടുന്നു എന്ന കാര്യവും തിരുവെഴുത്തു വ്യക്തമാക്കുന്നു. 'ഇതാ ഞാൻ അകൃത്യത്തിൽ ഉരുവായി; പാപത്തിൽ എന്റെ അമ്മ എന്നെ ഗർഭം ധരിച്ചു" (സങ്കീ. 51:5). യേശുക്രിസ്തുവിന്റെ ജഡാവതാരം പാപരഹിതമാകണമെങ്കിൽ സ്വാഭാവിക ഗർഭധാരണത്തിൽ നിന്നും വ്യത്യസ്തമായഒ ന്നുആ വശ്യമായിരിക്കുന്നു. സ്ത്രീ പുരുഷ ബന്ധത്തിലൂടെ ജനിക്കുന്ന എല്ലാവരും ആദാമ്യപാപത്തിന്റെ ഓഹരിക്കാരകയാൽ കന്യകാജനനമെന്ന മാർഗ്ഗമാണ് മശിഹായുടെ ജനനത്തിനായി ദൈവം സ്വീകരിച്ചത്. ആകയാൽ മറിയയിൽ യേശുവിന്റെ ഗർഭധാരണത്തിലും ജനനത്തിലും പുരുഷനു പങ്കില്ല. അതു പൂർണ്ണമായും ദൈവിക പ്രവൃത്തിയായിരുന്നു.

ആദാമും ഹവ്വയും വിലക്കപ്പെട്ട കനി ഭക്ഷിച്ചുവെങ്കിലും ദൈവം പ്രത്യേക നിലയിലാണ് അതു വീക്ഷിക്കുന്നത്. 1 തിമൊ 2:14 ൽ ഈ കാര്യത്തിൽ ഒരു സൂചന നമുക്കു ലഭിക്കുന്നു. "ആദാം അല്ല; സ്ത്രീ അത്രേ വഞ്ചിക്കപ്പെട്ടു ലംഘനത്തിൽ അകപ്പെട്ടതു" സ്ത്രീ വഞ്ചിക്കപ്പെട്ടു പാപം ചെയ്യുകയായിരുന്നു. എന്നാൽ അങ്ങനെ ആദാം വഞ്ചിക്കപ്പെട്ടില്ല. താൻ ചെയ്യുന്നതു ദൈവകല്പനയുടെ ലംഘനമാണെന്ന വ്യക്തമായ ബോദ്ധ്യം ആദാമിനുണ്ടായിരുന്നു എന്നു വേണം മനസ്സിലാക്കാൻ. തന്മൂലം ആദാമിലൂടെ പാപം തലമുറകളിലേക്കു പകരപ്പെടുന്നു എന്ന നിഗമനത്തിലേക്ക് വചനം വെളിച്ചം വീശുന്നു." ഏക മനുഷ്യനാൽ പാപവും പാപത്താൽ മരണവും ലോകത്തിൽ വന്നു." (റോമ. 5:12 )

> മനുഷ്യന്റെ വീണ്ടെടുപ്പുകാരൻ പാപരഹിതനായിരിക്കണം. ഗർഭധാരണ സമയത്തു തന്നെ പാപം തലമുറകളിലേക്കു പകരപ്പെടുന്നു എന്ന കാര്യവും തിരുവെഴുത്തു വ്യക്തമാക്കുന്നു. 'ഇതാ ഞാൻ അകൃത്യത്തിൽ ഉരുവായി ; പാപത്തിൽ എന്റെ അമ്മ എന്നെ ഗർഭം ധരിച്ചു" (സങ്കീ. 51:5).



സ്വാഭാവിക പ്രജനനപ്രക്രിയയ്ക്കു വിരോധമായി കന്യകാജനനം ദൈവം തിരഞ്ഞെടുത്തുവെന്നു മാത്രമല്ല മറിയയുടെ പങ്ക് ദൈവപുത്രനെ വഹിക്കാനുള്ള ഒരു പാത്രമായി വർത്തിക്കുക എന്നതു മാത്രമായിരുന്നു. പാപമില്ലാത്തവനും, പാപമറിയാത്തവനുമായ പരിശുദ്ധനു വാസയോഗ്യമാകത്തക്കവണ്ണം ദൈവകൃപയാൽ മറിയയെ ഒരുക്കി എന്നു ചിന്തിക്കുന്നതു ന്യായമാണ് (ലൂക്കോ: 1:28). സ്ത്രീ പുരുഷ സംഭോഗത്താലല്ലാതെ, മറിയ കന്യക ആയിരിക്കുന്ന സമയത്തു തന്നെ അവളിൽ യേശു ഗർഭം ധരിക്കയും തക്ക സമയത്തു ജനിക്കയും ചെയ്തുവെന്ന ദൈവത്തിന്റെ അത്ഭുത പ്രവൃത്തിയാണ് കന്യകാജനനം.

**കന്യകാജനനത്തിന്റെ പ്രാധാന്യം:** മ നുഷ്യന്റെ രക്ഷകനായ കർത്താവായ യേശുക്രിസ്തു ഒരേ സമയം ദൈവവും മനുഷ്യനും ആയിരിക്കേണ്ടതാണ്. ദൈവത്തിനും മനുഷ്യർക്കും ഇടയിൽ മധ്യസ്ഥം വഹിക്കേണ്ടതിനു അതു കൂടിയേ തീരു. മനുഷ്യവേഷത്തിലായിരിക്കുമ്പോൾ പാപരഹിതനുമായിരിക്കേണ്ടതിനാൽ കന്യകാജനനം എന്നതു ദൈവപദ്ധതിയിലെ പ്രധാന വിഷയമാണ്. ദൈവിക പദ്ധതിയിലെ ഈ ഉപദേശത്തെ മറ്റേതെങ്കിലും സങ്കല്പങ്ങളുമായി കൂട്ടിക്കുഴച്ചാൽ മറ്റ് അടിസ്ഥാന ഉപദേശങ്ങളും വ്യതിചലിച്ചുപോകും.

# സകലവും നന്മയ്ക്ക്





മിസസ് ബേബി കുര്യാക്കോസ്

‘ദൈവത്തെ സ്നേഹിക്കുന്നവർക്ക് നിർണ്ണയപ്രകാരം വിളിക്കപ്പെട്ടവർക്കു തന്നെ സകലവും നന്മയ്ക്കായി കൂടി വ്യാപരിക്കുന്നു എന്നു നാം അറിയുന്നു.” (റോമ. 8.28).

അപ്പൊസ്തലനായ പൗലൗസിന്റെ ദൃഢതരമായ ഒരറിവാണ് മേൽ ഉദ്ധരിച്ച വാക്യം. സകലവും എന്നു പൗലൊസ് പറയുമ്പോൾ തന്റെ ജീവിതത്തിന്റെ ആകെ തുക മുമ്പിൽ കണ്ടുകൊണ്ടാണിതും പറയുന്നത്. 2 കൊരി 11:23-29 വരെയുള്ള വാക്യങ്ങളിൽ റോമാ പൗരനായി ജനിച്ച് സകലവിധ ജ്ഞാനവും അഭ്യസിച്ച ആ ദൈവത്തിന്റെ പടയാളിയുടെ ജീവിതരത്നചുരുക്കം നാം വായിക്കുന്നു. മാനുഷിക നിലയിൽ ഇത്ര ദോഷവാനായ ഒരു മനുഷ്യനും ഇത്ര കഷ്ടത നിറഞ്ഞ ഒരു ജീവിതവും വേറെ കാണുക പ്രയാസം. താൻ തന്നെ പറയുന്നു ഈ ആയുസ്സിൽ മാത്രം പ്രത്യാശ വയ്ക്കുന്നു എങ്കിൽ സകല മനുഷ്യരിലും അരിഷ്ടർ അത്രേ. എന്നാൽ ദൈവത്തെ സ്നേഹിക്കുന്നവർക്കു നിർണ്ണയപ്രകാരം വിളിക്കപ്പെട്ടവർക്കു തന്നെ സകലവും നന്മയ്ക്കായി കൂടി വ്യാപരിക്കുന്നു എന്നു താൻ അറിഞ്ഞതുകൊണ്ട് ജയത്തിന്റേയും സന്തോഷത്തിന്റേയും ഘോഷത്തോടെ ജീവിതം കഴിക്കുവാൻ തനിക്കു സാധിച്ചു. തനിക്കു മാത്രമല്ല, ദൈവത്തെ സ്നേഹിക്കുന്ന തന്റെ ജനമായ നാമും ഈ അറിവുള്ളവരായിരിക്കണം.

ദൈവം നമ്മെ സ്നേഹിച്ചു. അത് അവിടുത്തെ കൃപ. മനുഷ്യബുദ്ധിക്ക് അതീതമായ ഒരു മർമ്മം ആയുസ്സു മുഴുവൻ ചിന്തിച്ചാലും പൂർണ്ണമായി ഗ്രഹിപ്പാൻ സാധ്യമല്ലാത്ത ഒരു വിഷയം. നിത്യതയിൽ എത്തിയാലും അവിടുത്തെ അത്ഭുത സ്നേഹം നമ്മുടെ പാട്ടും കീർത്തനവും ആയിരിക്കും. ദൈവത്തെ സ്നേഹിക്കാൻ നാം വിളിക്കപ്പെട്ടുഎ ന്നുള്ളതുംഅ തിശയമാർന്നഒ രു വസ്തുത തന്നെ. സുവിശേഷം - ദൈവസ്നേഹത്തിന്റെ ക്രൂശിലെ വിളംബരം ശ്രദ്ധിച്ച അനേകരും നിർവിചാരരായി കടന്നുപോയപ്പോൾ ക്രൂശിലെ സ്നേഹത്താൽ പിതാവിന്റെ മക്കളായി തീരുവാൻ നാം വിളിക്കപ്പെട്ടു എന്നുള്ളത് എത്ര അതിശയം! അബ്ബാ പിതാവേ എന്നു വിളിക്കുന്ന പുത്രത്വത്തിന്റെ അവകാശം ലഭിച്ചിരിക്കുന്ന നാം അറിയുന്നു. ജീവിതത്തിൽ എല്ലാം നന്മയ്ക്കായി കൂടി വ്യാപരിക്കുന്നു എന്ന്.

നമ്മുടെ ജീവിതത്തിന്റെ സന്തോഷ അവസരങ്ങൾ മാത്രമല്ല, കണ്ണുനീരിന്റെയും വേർപാടിന്റെയും കഷ്ടതയുടേയും അവസരങ്ങളും എല്ലാം നന്മയ്ക്കായ് കൂടി വ്യപരിക്കുന്നു എന്നു വിശ്വസിക്കാൻ സാധിക്കുക. അതു എങ്ങനെ സാധിക്കും? വിശ്വാസത്താലാണ് ആത്മിക അനുഭവങ്ങൾ സ്വന്തമാക്കുന്നത് എന്നു നാം അറിയുന്നു. വിശ്വാസത്താൽ സർവ്വശക്തനായ ദൈവത്തെ പിതാവായി നാം മനസ്സിലാക്കുന്നു. ആ പിതാവ് സ്നേഹം തന്നെയാണ്. ദോഷികളായ ലൗകിക മാതാപിതാക്കൾ തങ്ങളുടെ കുഞ്ഞുങ്ങളുടെ നന്മയ്ക്കായി മാത്രം പ്രവർത്തി

> വിശ്വാസത്താലാണ് ആത്മിക അനുഭവങ്ങൾ സ്വന്തമാക്കുന്നത് എന്നു നാം അറിയുന്നു. വിശ്വാസത്താൽ സർവ്വശക്തനായ ദൈവത്തെ പിതാവായി നാം മനസ്സിലാക്കുന്നു. ആ പിതാവ് സ്നേഹം തന്നെയാണ്.

പ്പാൻ ബദ്ധപ്പെടുമെങ്കിൽ സ്വർഗ്ഗീയപിതാവ് നന്മ മാത്രം തരും എന്നു വിശ്വസിക്കാവുന്നതാണ്. പിന്നെ നാം അനുഭവിക്കേണ്ടിവരുന്ന ദുഃഖവും നെടുവീർപ്പും കണ്ണുനീരുകളും എന്തുകൊണ്ടായിരിക്കാം? അതു നന്മയ്ക്കു തന്നെ. ദുഃഖവും സന്തോഷവും എല്ലാം ഒന്നിച്ചു ചേർന്നു ജീവിതാവസാനം വരെയും ആ വ്യാപാരം നടന്നുകൊണ്ടിരിക്കുകയാണ്. തെറ്റു പറ്റാത്ത ദൈവം നമ്മുടെ ജീവിതത്തിൽ അവിചാരിതമായി ഒന്നും സംഭവിക്കുവാൻ അനുവദിക്കുന്നതല്ല. എല്ലാറ്റിന്റെയും അന്ത്യം ദൈവമക്കളേ, നമ്മുടെ നന്മ തന്നെ. വിവിധ ചായക്കൂട്ടുകൾ കൂട്ടിച്ചേർത്ത് ചിത്രം വരയ്ക്കുന്ന ചിത്രകാരനോട് ഓരോ ചായങ്ങളും എന്തിന് എന്ന് ചോദിച്ചാൽ പെട്ടെന്ന് അതിന്റെ ഉത്തരം പറയാൻ സാധിച്ചിട്ടില്ലെങ്കിലും വരച്ചു തീർത്ത മനോഹര ചിത്രം കാണിച്ചു കൊണ്ട് വിവിധ തരത്തിലും നിറത്തിലും ഗുണത്തിലും ഇരുന്ന ചായങ്ങൾ ഒന്നിച്ചുകൂടി വ്യാപരിച്ചതിന്റെ പരിണിതഫലമാണ് ഈ ചിത്രം എന്നു പറയാൻ സാധിക്കും. അതുപോലെ വിവിധ നൂലുകൾ ചേർത്തു നെയ്യുന്ന ഒരു നെയ്ത്തുകാരന്ഒ ാരോന ൂലിന്റെയുംന ന്മയുംഗ ുണവും തെളിയിക്കാൻ സാധിച്ചില്ല എങ്കിലും എല്ലാം ഒന്നിച്ച് ചേർത്തു നെയ്ത മനോഹര വസ്ത്രം പ്രദർശിപ്പിക്കാൻ സാധിക്കുന്നു.

പ്രിയ ദൈവമക്കളേ, പിതാവിന്റെ സന്നിധിയിൽ നമ്മെ പ്രദർശിപ്പിക്കുന്ന ആ മനോഹര ദിവസത്തിൽ നമ്മുടെ ജീവിതത്തിലെ സന്തോഷങ്ങളും സന്താപങ്ങളും എല്ലാം തന്നെയും നമ്മെ എത്രമാത്രം ധന്യരാക്കിയിരിക്കുന്നു എന്നു നാം മനസ്സിലാക്കും. അതുകൊണ്ടു തന്നെ ദൈവത്തെ നമുക്കു സ്നേഹിക്കാം. നാം നിർണ്ണയപ്രകാരം വിളിക്കപ്പെട്ടവർ തന്നെ എന്നു ഉറയ്ക്കാം. എല്ലാം നന്മയ്ക്ക് എന്ന് വിശ്വസിക്കാം. നമ്മുടെ അന്ത്യം മനോഹരവും നമ്മുടെ പ്രത്യാശ ഭംഗമില്ലാത്തതുമായിരിക്കും.

# വിശ്വാസികൾ നീക്കിക്കളയേണ്ട കാര്യങ്ങൾ

**റെജി കെ. പോൾ**



വീണ്ടും ജനനം പ്രാപിച്ച് ദൈവമക്കളായിത്തീർന്ന ഓരോ വ്യക്തിയെക്കുറിച്ചും ദൈവം ആഗ്രഹിക്കുന്നതു അവർ ചില കാര്യങ്ങൾ നീക്കിക്കളയണം എന്നാണ്. ദൈവഭവനത്തിലെ നവജാത ശിശുക്കൾ എന്ന നിലയിൽ ദൈവവചനമെന്ന മായമില്ലാത്ത പാൽ കുടിക്കാനുള്ള വാഞ്ച ഉണ്ടാകണം.

മനുഷ്യഹൃദയത്തിൽ പറ്റിച്ചേർന്നിരിക്കുന്ന ദുഷ്ടതയും ചതിവും ഏതു തരത്തിലുള്ളതായാൽ തന്നെയും ആത്മീക വളർച്ചയ്ക്ക് തടസ്സമാണ്. അതുകൊണ്ടാണ് വീണ്ടും ജനിച്ചവർ ചതിവും ദുഷ്ടതയും നീക്കിക്കളഞ്ഞു ദൈവവചനം എന്ന മായമില്ലാത്ത പാൽ കുടിക്കണമെന്നു ദൈവാത്മാവ് പറയുന്നത് (1 പത്രോ. 2:1,2). എന്നാൽ ദൈവമക്കളുടെ ഇടയിൽ ഇന്നും പലതരത്തിലുള്ള ദുഷ്ടതയും ചതിപ്രയോഗങ്ങളും നടക്കുന്നതായി കാണുന്നതു ആത്മീക സമർപ്പണത്തിന്റെ അഭാവത്തിലേക്കാണ് വിരൽ ചൂണ്ടുന്നത്.ഇത്തരം സ്വഭാവങ്ങളെ നീക്കിക്കളയുവാൻ സാധിച്ചാൽ മാത്രമേ പുതുമനുഷ്യനെ ധരിച്ച് ക്രിസ്തുവിന്റെ സാക്ഷികളായി നമുക്കു ജീവിക്കാൻ സാധിക്കൂകയുള്ളൂ. ആത്മീകാഭിവൃദ്ധിക്കായ് വിശ്വാസികൾ ഇത്തരം സ്വഭാവങ്ങളെ ത്യജിച്ച് വചനത്തിന് കീഴ്പ്പെടേണ്ടതു ആവശ്യമാണ്. മുളന്തുരുത്തി സഭയുടെ യൂത്ത് മീറ്റിംഗിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

# വേർപാട് ന്യൂസ്

## സ്തോത്രത്തിനും പ്രാർത്ഥനയ്ക്കും

**ഹൈറേഞ്ച്** : കുളമാവ് സഭയെയും പ്രവർത്തനങ്ങളെയും കഴിഞ്ഞ നാളുകളിൽ വലിയവനായ ദൈവം അനുഗ്രഹിച്ചുകൊണ്ടിരിക്കുന്നു.

കഴിഞ്ഞ മാസങ്ങളിൽ തൃപ്പൂണിത്തുറ സഭയിലെ സഹോദരൻ ശമുവേൽ മാത്യുവിന്റെ നേതൃത്വത്തിൽ അങ്കമാലി, എറണാകുളം, മഞ്ഞപ്ര എന്നീ സ്ഥലം സഭകളിൽ നിന്നും മുപ്പത്തി അഞ്ചോളം സഹോദരന്മാർ പ്രവർത്തനങ്ങളിൽ സഹകരിക്കുകയും വലിയമാവ്, കോഴിപ്പിള്ളി തുടങ്ങിയ ആദിവാസികുടികളിൽ സുവിശേഷം അറിയിക്കുകയും 8 പേർ രക്ഷിക്കപ്പെടുകയും ചെയ്തു. അന്നേ ദിവസം സഹോദരി ഏലമ്മ സഭയിലെ സഹോദരിമാർക്കു വേണ്ടി ബൈബിൾ ക്ലാസ്സ് നടത്തി.

2012 ഏപ്രിൽ മാസം 7-ാം തീയതി സഹോദരൻ എ. എം. പ്രസാദ് മുള്ളരിങ്ങാട് 3 പേരുടെ സ്നാനശുശ്രൂഷയും സഹോദരൻ രാജൻ ആരക്കുഴ, സഹോദരൻ റോയ് പൗലോസ് ഇടുക്കി എന്നിവർ ബൈബിൾ ക്ലാസ്സുകളും നടത്തി. കുളമാവിന്റെ സമീപ പ്രദേശങ്ങളിലും (കോഴിപ്പിള്ളി, നാടുകാണി, കരിപ്പിലങ്ങാട്) ജനവാസമുള്ള ഉൾവനങ്ങളിലും (വലിയമാവ്) ഉള്ള ആദിവാസിക്കുടികളിൽ സുവിശേഷ പ്രവർത്തനങ്ങൾ നടന്നുവരുന്നു. മുത്തിയിരുണ്ടയാറിലും, നാടുകാണിയിലും സ്ഥലം സഭകൾ ഉണ്ടാകേണ്ടതിനും കുളമാവ് സഭയുടെ പ്രവർത്തനങ്ങളെ ഓർത്തും പ്രാർത്ഥിച്ചാലും.

**സുവി. ജോൺസൺ സി.എസ്**

## സുവിശേഷ വയലിലേക്ക്

**ചാലക്കുടി:** കൊടകര സഭാംഗമായ സഹോദരൻ എം.ആർ ഷാജുവും കുടുംബവും കൊടകര സഭയോടുള്ള ബന്ധത്തിൽ ആരാധിക്കുകയും സുവിശേഷ വയലിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നു. തന്റെ വേലയ്ക്കായുള്ള വിളി സഭയ്ക്ക് ബോധ്യമായതിനാൽ സഹോദരൻ എം.ആർ. ഷാജുവിനെ ഒരു സുവിശേഷകൻ ആയി സഭ അംഗീകരിച്ചിരിക്കുന്നു. സഹോദരൻ ഷാജുവിനേയും കുടുംബത്തേയും നിങ്ങളുടെ വിലയേറിയ പ്രാർത്ഥനയിൽ ഓർക്കുകയും സഹകരിക്കുകയും ചെയ്യണമെന്ന് കർത്തൃനാമത്തിൽ അപേക്ഷിക്കുന്നു.

എന്ന് സഭയ്ക്കു വേണ്ടി സഹോദരന്മാർ

ബ്രദർ രാജു ജോർജ്ജ്, ബ്രദർ എം.എൻ. ശശി, ബ്രദർ. ബെന്നി ജോർജ്ജ്

മേൽവിലാസം

Mr. M.R. Shaju, Menachery House,
Elinjipra P.O., Chalakudy - 680721
Ph : 9947707989

## വേലയ്ക്കായി വേർതിരിഞ്ഞു

**കൊല്ലം:** പത്തനംതിട്ട ജില്ലയിൽ നന്നുവക്കാട് ബ്രദറൺ അസംബ്ലി അംഗമായ ബ്രദർ അനിയൻ ജോർജ്ജ്, 2009 ഏപ്രിൽ മാസം മുതൽ എബനേസ്സർ ബ്രദറൺ അസംബ്ലി (കൊല്ലം) യോട് ചേർന്ന് സുവിശേഷ പ്രവർത്തനങ്ങളിലും സഭാ ശുശ്രൂഷകളിലും സഹകരിച്ചു വരികയായിരുന്നു. തന്റെ സാക്ഷ്യത്തിന്റെ അടിസ്ഥാനത്തിലും, പ്രേഷിത വേലയ്ക്കുള്ള വിളി സഭയ്ക്കു ബോദ്ധ്യപ്പെട്ടതിനാലും തന്നെ പൂർണ്ണ സമയ സുവിശേഷകനായി സഭ അംഗീകരിക്കുകയും ആയതിന്റെ വെളിച്ചത്തിൽ 2012 മാർച്ച് മാസം പത്താം തീയതി എബനേസ്സർ ബ്രദറൺ അസംബ്ലി (കൊല്ലം) യിൽ വച്ച് ഒരു കമന്റേഷൻ സർവ്വീസ്, അയൽ സഭകളുടേയും, ദേശത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള സഭാ പ്രതിനിധികളുടെയം സാന്നിദ്ധ്യ സഹകരണത്തോടെ നടത്തി, സഭയുടെ അംഗീകാര പത്രവും നൽകി എന്നുള്ള വിവരം ദൈവജനത്തെ അറിയിച്ചു കൊള്ളുന്നു. സഹോദരന് വിവാഹിതരായ രണ്ടു പെൺമക്കളും, എംബി.എയ്ക്കു പഠിക്കുന്ന ഒരു മകനും ഉണ്ട്. താനും സഹധർമ്മിണി മോളി അനിയനും മകൻ ക്രിസ്റ്റി ജോർജ്ജും കൊല്ലത്ത് വാടക ഭവനത്തിൽ പാർത്തുകൊണ്ട് കൊല്ലം കേന്ദ്രീകരിച്ച് പ്രവർത്തനം തുടരുന്നു. ദൈവജനത്തിന്റെ ശ്രദ്ധയോടു കൂടിയ പ്രാർത്ഥനയും ആത്മാർത്ഥമായ സഹകരണവും പ്രതീക്ഷിക്കുന്നു.

എന്ന്, ഡോ. പിവി. തമ്പി, ബ്രദർ കെ.വി. ഈപ്പൻ, ബ്രദർ ഡി. ജോർജ്ജുകുട്ടി

**മേൽവിലാസം:** അനിയൻ ജോർജ്ജ്, ഇവാഞ്ചലിസ്റ്റ്, എബനേസർ ബ്രദറൺ അസംബ്ലി, പോസ്റ്റ് ബോക്സ് നം: 111, കൊല്ലം - 691001, കേരള , മൊബൈൽ : 9407273928,

## ദൈവജനത്തിന്റെ പ്രാർത്ഥനയ്ക്കും, സഹകരണത്തിനും

കർത്താവിൽ പ്രിയരെ,

1994 ൽ പുതുപള്ളി ബ്രദറൺ സഭയിൽ നിന്നും ബ്രദർ കെ.എം. വർഗീസ് കർത്തൃശുശ്രൂഷകൾക്കായ് വേർതിരിഞ്ഞ് ഇടുക്കിയിൽ വന്ന് താമസിച്ച് സഹസുവിശേഷകന്മാരുടെയും, വൈ.എം.ഇ.എഫ്-ന്റെയും സഹകരണത്തിൽ പ്രവർത്തനം ആരംഭിക്കുകയും, തദ്ദേശീയരായ ചില കുടുംബങ്ങൾ മുന്നോട്ട് വന്ന് 98-ൽ ഇടുക്കി ബ്രദറൺ സഭാ കൂടിവരവ് ആരംഭിക്കുകയുണ്ടായി. സ്റ്റീവാർഡ് അസോസിയേഷന്റെ പേരിൽ ഹോൾ, സെമിത്തേരി സുവിശേഷകന് താമസ സൗകര്യം, വാട്ടർ കണക്ഷൻ മുതലായ അടിസ്ഥാന സൗകര്യങ്ങൾ സഭയ്ക്ക് ക്രമീകരിക്കുകയും ചെയ്തു. 10 വർഷങ്ങൾക്കു ശേഷം ഇടുക്കിയിൽ നിന്നു കൊണ്ടു തന്നെ കഞ്ഞിക്കുഴി മേഖലയിൽ തുടങ്ങി വച്ച പ്രവർത്തനങ്ങളുടെ പുരോഗതിക്കായ് താമസം മാറാൻ തീരുമാനിക്കുകയും, അക്കാര്യം സഭയുടെ ശ്രദ്ധയിൽ പെടുത്തി സഭാംഗങ്ങളുടെ പൂർണ്ണ സഹകരണത്തോടെ ഇടുക്കിയിൽ തുടർ പ്രവർത്തനങ്ങളും സഭയുടെ ഭരണപരമായ കാര്യങ്ങളും, പ്രാപ്തരായ സഹോദരന്മാരെ ചുമതലപ്പെടുത്തിയ ശേഷം കഞ്ഞിക്കുഴിയിലേക്ക് താമസം മാറി. കഴിഞ്ഞ നാളുകളിൽ ഇടുക്കി സഭയെ ദൈവം ധാരാളമായി അനുഗ്രഹിച്ച് ഇന്ന് നല്ല നിലയിൽ മുന്നോട്ട് പോകുന്നു.

കഞ്ഞിക്കുഴി പഞ്ചായത്തിലെ പ്രവർത്തനങ്ങളേയും ദൈവം അനുഗ്രഹിച്ചുകൊണ്ടിരിക്കുന്നു. ഇവിടെ നിന്നും മുന്നോട്ടു വന്നവരും നേരത്തെ ഇവിടെ നിന്നും ഇടുക്കിയിൽ ആരാധനയ്ക്കു സംബന്ധിച്ചു വന്നിരുന്ന രണ്ട് കുടുംബങ്ങളുമായ് പഴയരിക്കണ്ടത്ത് സഭാ കൂടി വരവ് ആരംഭിച്ചു. അഞ്ച് കുടുംബങ്ങളിൽ നിന്ന് അപ്പോൾ 20 ഓളം പേർ കൂടി വരുന്നു. ഇവിടെയും ഒരു സഭാ ഹാളിന് 12 സെന്റ് സ്ഥലം ദൈവജനത്തിന്റെ സഹകരണത്തോടെ വാങ്ങുവാൻ സാധിച്ചു. പട്ടയമില്ലാത്ത മേഖല ആയതിനാൽ സ്റ്റീവാർഡിന്റെ പേരിലല്ല 4 സഹോദരന്മാരുടെ പേരിൽ സഭയ്ക്കുവേണ്ടി സർവ്വേനമ്പർ 161/1 പ്രകാരം കൈവശാവകാശം എഴുതി വാങ്ങുകയാണ് ഉണ്ടായത്. ഇവിടെ ഒരു താല്ക്കാലിക ഷെഡ് കെട്ടി സഭാ യോഗങ്ങൾ നടന്നു വന്നിരുന്നു ഇപ്പോൾ അത് ഉപയോഗയോഗ്യമല്ലാതായി.

മുവാറ്റുപുഴ - തേനി സ്റ്റേറ്റു ഹൈവേ പോകുന്ന വിസ്തൃതമായ പ്രദേശമാണ് ഇവിടം. ഇടുക്കി സഭ കഴിഞ്ഞാൽ ഈ റൂട്ടിൽ 51 കി.മീ അകലെ പോത്താനിക്കാടാണ് നമ്മുടെ മറ്റൊരു കൂടിവരവുള്ളത്. വിശാലമായ ഒരു വേല സ്ഥലമാണ് ഇത്. പഴയരിക്കണ്ടം സഭയുടെ വളർച്ചയ്ക്കും പ്രവർത്തനത്തിന്റെ പുരോഗതിക്കും ഒരു ഹോൾ ഉണ്ടാകേണ്ടത് വളരെ അത്യാവശ്യമാണ്. 30X25 ചുറ്റളവിൽ ഫൗണ്ടേഷൻ ഇട്ടു ഹോൾ പണി ആരംഭിച്ചിരിക്കുകയാണ്. ഞങ്ങൾ എല്ലാവരും തന്നെ നിർദ്ധനരായതിനാൽ തനിയേ ഇത് നിവൃത്തിക്കാൻ കഴിയുകയില്ല. പ്രസ്തുത വലിപ്പത്തിലുള്ള ഹോൾ തീർക്കുന്നതിന് മെറ്റീരിയൽ, ലേബർ ചാർജ്ജ് ഉൾപ്പടെ 5 ലക്ഷം രൂപ വേണമെന്ന് കണക്കാക്കുന്നു. ദൈവജനത്തിന്റെ അടിയന്തിരമായ പ്രാർത്ഥനയും, സഹകരണവും ഞങ്ങൾ സഭയായി അഭ്യർത്ഥിക്കുന്നു.

സഭയ്ക്കു വേണ്ടി - ബ്രദർ സിജോ ജോസ്, ബ്രദർ ജോസ്, സുവി. കെ.എം. വർഗ്ഗീസ്

J.T. A/c No. 10919199133360, Federal Bank, Idukki, Pazarikandom, Bretheren Assembly

## അഡ്രസ്സ് മാറ്റം

ഞങ്ങൾ കുടുംബമായി ചില ദിവസങ്ങൾക്ക് മുൻപ് ന്യൂ മുംബൈയിൽ നിന്നും (ജാംനഗർ) ഗുജറാത്തിലേക്ക് താമസം മാറ്റി. (1978 ഡിസംബർ മുതൽ 2006 ജൂൺ വരെ) 27 വർഷം ഗുജറാത്തിൽ ആയിരുന്നു. (2006 ജൂൺ മുതൽ 2011 ജനുവരി വരെ ) അഞ്ചര വർഷം ന്യൂ ബോംബെയിലും കർത്തൃവേലയിൽ ആയിരിപ്പാൻ ദൈവം സഹായിച്ചു. ന്യൂ ബോംബെയിൽ കമോട്ട എന്ന സ്ഥലത്ത് ഒരു കൂടിവരവ് ആരംഭിക്കുവാനും അനുഗ്രഹമായി തുടരാനും കർത്താവിടയാക്കി. ഭാരിച്ച വാടകയും, ചികിത്സയും മറ്റും കാരണം ജാം നഗറിലേക്ക് തിരികെ പോന്നു. ഞങ്ങളുടെ അഡ്രസ്സ് താഴെ സൂചിപ്പിച്ചിരിക്കുന്നു. കഴിഞ്ഞ കാലങ്ങളിൽ പ്രാർത്ഥിച്ചവർക്കും സഹായിച്ചവർക്കും നന്ദി അറിയിക്കുന്നു. തുടർന്നും ദൈവജനത്തിന്റെ വിലയേറിയ പ്രാർത്ഥനയിൽ എളിയവരെ ഓർത്താലും

സ്നേഹത്തോടെ സഹോദരൻ പി.റ്റി. ജോൺ

P.T. John
Mathru Ashis Society Main Road,
B/d T.B. Hospital Jam Nagar,
Patel Colony P.O, 361008, Gujarat,
Ph : 0288 266 1446, 0942 6661446

## കത്തുകൾ

വേർപാടു വാർത്താ പത്രിക മുടങ്ങാതെ ലഭിച്ചു കൊണ്ടിരിക്കുന്നു. സ ന്തോഷവുംന ന്ദിയും അറിയിക്കുന്നു. വേർപാടുകാരുടെയിടയിൽ വേർപാടു പേർപെടുത്തിക്കൊണ്ടു വേദസത്യ ങ്ങൾക്കു വ്യത്യസ്ത വ്യാപാരം ചെയ്തു കൊണ്ടിരിക്കുന്ന വിശ്വാസികളുടെ ഇടയിൽ, വേർപാടിന്റെ വിശുദ്ധിയും വിലയും വിളിച്ചറി യിക്കുവാനായി വിശ്വസ്തതയോടെ വേല ചെയ്തു കൊണ്ടിരിക്കുന്നു സഹോദരങ്ങൾക്കു വേണ്ടി പ്രാർത്ഥിക്കുന്നു. ദൈവത്തെ മഹത്വപ്പെ ടുത്തുന്നു.പ്രാർത്ഥനയോടും നന്ദി ബഹുമാന ങ്ങളോടും കൂടെ തിരുസേവയിൽ ഏറ്റവും എളിയ ഭൃത്യൻ

**വി.എസ്. ധർമ്മരാജൻ, തൃശ്ശൂർ**

## എസ്.ബി.എസ്. ജനറൽ പ്രയർ

സുവിശേഷകൻ ബാലസംഘം ജനറലിന്റെ ചുമതല യിൽ മാസം തോറും നടന്നു വരുന്ന പ്രാർത്ഥനാ യോഗം ദൈവഹിതമായാൽ മെയ് മാസം 18-ാം തീയതി വെള്ളി വെകുന്നേരം 6 മണിക്ക് പെരുമ്പാ വൂർ ബ്രദറൺ സഭാഹാളിൽ (Perumbavoor) വെച്ച് നടക്കുന്നതാണ്. ഈ പ്രാർത്ഥനായോഗത്തിലേക്ക് എല്ലാ ബാലസംഘം പ്രവർത്തകരേയും പ്രാർത്ഥനാ സഹകാരികളേയും കർത്തൃനാമത്തിൽ ക്ഷണിച്ചു കൊള്ളുന്നു.

സുവി. സി.എം. ചാക്കോ
ജനറൽ പ്രെയർ കോ - ഓർഡിനേറ്റർ

## 110-ാമത് ബ്രദറൺ കൺവൻഷൻ, കുമ്പനാട്

109-ാമത് കൺവൻഷൻ അനുഗ്രഹകരമായി നടത്തു വാൻ ദൈവം കൃപ ചെയ്തു. 14.04.2012 ൽ കൂടിയ സഭാ പ്രതിപുരുഷയോഗതീരുമാനപ്രകാരം 110-ാമത് കൺവൻഷൻ കുമ്പനാട്ടു വച്ച് 2012 ഡിസംബർ 23 ഞായർ മുതൽ 30 ഞായർ വരെ ക്രിസ്തുമസ് അവ ധിക്കാലത്ത് നടത്തുവാൻ ആഗ്രഹിക്കുന്നു. കുമ്പ നാട്ടും സമീപപ്രദേശങ്ങളിലുമുള്ള 129 സ്ഥലം സഭ കളുടെ സഹകരണത്തിൽ നടത്തുന്ന ഈ കൺവെൻഷൻ അനുഗ്രഹപ്രദമാകാനും കർത്തൃ നാമം മഹത്വപ്പെടുത്തുവാനും ദൈവജനം പ്രാർത്ഥി ക്കണമെ. വിശദവിവരങ്ങൾ പിന്നാലെ പ്രസിദ്ധീകരി ക്കുന്നതാണ്.

കൺവെൻഷൻ കമ്മിറ്റിക്കുവേണ്ടി

കൺവീനർ
**പി.ഇ. സാംകുട്ടി**

## മഹത്വത്തിൽ

**ചെങ്ങറ** : എൽസി മാത്യു (76) 2012 ഏപ്രിൽ 5 നു കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. മൃതദേഹം 16 നു പൂവത്തൂർ സെമിത്തേരിയിൽ സംസ്ക്ക രിച്ചു.

**കാസർകോഡ്** : കെ.എം. വർഗ്ഗീസ് (99) 2012 ഏപ്രിൽ 9 നു മഹത്വത്തിൽ പ്രവേശിച്ചു. മൃത ദേഹം 11 നു സംസ്ക്കരിച്ചു.

**റാന്നി** : എം.എ. ജോർജ്ജ് ഏപ്രിൽ 15 നു കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. മൃതദേഹം ഏപ്രിൽ 17 നു സംസ്ക്കരിച്ചു.

**കിടങ്ങന്നൂർ** : ഈശോ തോമസ് (95) ഏപ്രിൽ 11 നു കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. മൃത ദേഹം 17 നു ഇടയാറന്മുള ബ്രദറൺ സെമിത്തേ രിയിൽ സംസ്ക്കരിച്ചു.

**മഴുക്കീർ** : വൽസമ്മ കുര്യാക്കോസ് ഏപ്രിൽ 14 നു കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു.

**ആന്ധ്രാപ്രദേശ്** : ജി രാജ റാവോ ഏപ്രിൽ 11 നു കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. മൃത ദേഹം 13 നു സംസ്ക്കരിച്ചു.

**കൂത്താട്ടുകുളം** : സഹോ. മർക്കോസ് അയ്യം വേലി (75) ഏപ്രിൽ 19 നു കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. മൃതദേഹം 20 നു കൂത്താട്ടുകുളം ബ്രദറൺ സെമിത്തേരിയിൽ സംസ്ക്കരിച്ചു.

**പുനലൂർ** : സഹോ. സുവി. തോമസ് ചെറിയാൻ ഏപ്രിൽ 25 -നുകർത്തൃസന്നിധിയിൽ ചേർക്ക പ്പെട്ടു. മൃതദേഹം ഏപ്രിൽ 27-ന് സംസ്ക്കരിച്ചു.


## ബ്രദറൺ പ്രസിദ്ധീകരണങ്ങൾ
# ക്രൈസ്റ്റ് വോയ്സ്

**സുവിശേഷ സത്യങ്ങൾക്കായി നിലകൊള്ളുന്ന വാർത്താപത്രിക**

സുവി. കെ.ഗോപാലകൃഷ്ണൻ പത്രാധിപ രായിരിക്കുന്ന ഈ പ്രസിദ്ധീകരണം കഴിഞ്ഞ 15 വർഷങ്ങളായി അനുഗ്രഹീത മായി തുടർന്നു വരുന്നു. ഈടുറ്റ ലേഖന ങ്ങളും ആനുകാലിക പ്രവർത്തനവിവര ങ്ങളും അടങ്ങുന്ന ഈ പ്രസിദ്ധീകരണം ലഭിക്കുന്നതിന് ചുവടെ ചേർക്കുന്ന വിലാ സത്തിൽ ബന്ധപ്പെടുക

Mr. K. Gopala Krishnan,
QR No. 2147/ Sector IV A, B.S. City,
Jharkhand - 827064,
e-mail : Christvoicemagazine@gmail.com

കവിത

# വേർപാട്

കെ.പി. ജോസ്, കിടങ്ങൂർ

വേർപാടു കൊണ്ടൊരു വേർപെട്ട ജീവിതം
വേരൂന്നി നില്ക്കുമീ ക്രിസ്തീയ ജീവിതം
വേണ്ടാധനം മാനം മണ്ണിന്റെ ചെയ്തികൾ
തീണ്ടുവാൻ പാടില്ല സാത്താന്റെ ചിന്തകൾ

പൈതൃകമാം പോരുപാടെയുപേക്ഷിച്ചു
പാപാന്തകാരത്തിനന്തം വരുത്തിനാൻ
ചൂടേകി ആത്മാവിൻ സ്പന്ദനം സന്തതം
ചാരേയണച്ചെന്നെ ചേലോടു തമ്പുരാൻ

മാറ്റം വരുത്തുമീ മാറ്റുരച്ചീടിനാൻ
ഏറ്റം സ്ഫുരിക്കുന്ന സ്ഥാനീയ തേൻമൊഴി
ഇറ്റിറ്റു വീഴുന്ന തേൻതുള്ളി ഖണ്ഡനത്തിൽ
പറ്റിപ്പിടിക്കുന്ന പാലാഴി പൂരകം

വാക്കുകൾ വേർപാട് നോക്കുകിൽ വേർപാട്
പോക്കിൽ കുറച്ചൊക്കെ വേർപാട് പാലിക്കാം
കാശിൻ കണക്കു കുറിക്കുകിൽ വേർപാട്
പ്രാക്ടീസു ചെയ്യുകിൽ പോക്കറ്റിലാക്കിടാം

ചർച്ചിൽ പെരുപ്പിച്ചു കാണിക്കും വേർപാട്
ചർച്ചയിൽ തെല്ലുമേ കാണില്ല വേർപാട്
ആരാധനയ്ക്കൊരു ചിന്തയ്ക്കായ് നിൽക്കുകിൽ
തോരാതെ കണ്ണുനീർ വീഴ്ത്തും പ്രഭാഷകൻ

അപ്പം മുറിക്കുകിൽ അപ്പെ കരഞ്ഞിടും
സ്വല്പം കഴിഞ്ഞങ്ങു പൊട്ടിത്തെറിച്ചീടും
വേർപാടുകാരുടെ വേർപാടു പണ്ടുള്ള
പാരമ്പര്യത്തിൻ പ്രശംസയിൽ മാത്രമേ

സുവിശേഷ ഘോഷണം പോഷായി ചെയ്യുവാൻ
പേർഷ്യയിൽ നോട്ടീസ് പോസ്റ്റർ പതിക്കുന്നു
പാഷനല്ലായിതു വേഷമാണിഷ്ടന്റെ
ശോഷണം തീരെയകറ്റുവാൻ കാശിന്റെ

വേറിട്ടു നിൽക്കേണ്ടതാണ് വേർപാട്
വേദോപദേശത്തിൻ പേരാണ് വേർപാട്
വാതിലാം ക്രിസ്തുവിൻ വാക്കുകൾ വേർപാട്

ഭക്തർ ശ്വസിക്കുമീ വായുവാം വേർപാട് ശ്ലൈഹിക പാഠത്തിനുൾകാമ്പ്
സംശുദ്ധ സമ്പൂർണ്ണ സാഗരതോയം പോൽ വേർപാട്

സംസാര സാഗരേ നീന്തിത്തുടിക്കുന്ന
ചാന്ദ്രിക ശോഭ പോൽ കർത്താവിന്റെ പരിശുദ്ധി
ഭക്തൻ ഈ ഭൂമിയിൽ നിത്യം വരിക്കണം
ശുദ്ധമാം വേർപാട് സാധക ശിക്ഷയാൽ

★★★

കർത്തൃശുശ്രൂഷകൻ

# കെ.വി. തോമസ്



എന്റെ പേര് കെ.വി. തോമസ്. ബ്രദറൺ പശ്ചാത്തലത്തിൽ നിന്നും 12-ാം വയസ്സിൽ രക്ഷിക്കപ്പെടുകയും 18-ാം വയസ്സിൽ സ്നാനപ്പെടുകയും ചെയ്തു. 1983-84 കാലയളവിൽ കുമ്പനാട് ബഥനി ബൈബിൾ സ്കൂളിലെ പഠനത്തിന് ശേഷം 1985 ൽ കാസർകോഡ് ജില്ലയിലെ എന്റെ മാതൃസഭയായ മാങ്ങോട് ബ്രദറൺ സഭയിൽ നിന്നും വേലയ്ക്കായ് വേർതിരിഞ്ഞ് കുടുംബമായി കൊന്നക്കാട്, പുന്നക്കുന്ന് എന്നീ സ്ഥലങ്ങളിൽ പ്രവർത്തിച്ചതിന്റെ ഫലമായി രൂപം കൊണ്ട സ്ഥലം സഭയാണ് പുന്നക്കുന്ന് ക്രിസ്ത്യൻ ബ്രദറൺ അസംബ്ലി. കുടുംബമായി 11 വർഷം കൊന്നക്കാട്ടും 15 വർഷമായി പുന്നക്കുന്നിലും താമസിച്ചു പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ഹൈന്ദവ, കത്തോലിക്ക, യാക്കോബായ വിഭാഗത്തിൽ നിന്നും ചില കുടുംബങ്ങൾ രക്ഷിക്കപ്പെട്ടുവരുവാൻ ദൈവം ഇടയാക്കി. ഇപ്പോൾ 38 വിശ്വാസികൾ കർത്തൃമേശയിൽ സംബന്ധിക്കുന്നവർ ഉൾപ്പടെ 46 പേർ കൂടിവരുന്നു. ഈ സ്ഥലത്ത് നിന്നും വിശ്വാസത്തിൽ 27 വിശ്വാസികൾ ഉപജീവനാർത്ഥം അന്യജില്ലകളിൽ താമസിച്ചുകൊണ്ട് അവിടെ ഉള്ള ബ്രദറൺ സഭാകൂട്ടായ്മയിൽ ആയിരിക്കുന്നു. 3 സഹോദരന്മാർ ഈ സ്ഥലം സഭയിൽ നിന്നും വേർതിരിഞ്ഞ് പ്രവർത്തിക്കുന്നുണ്ട്. കൂടിവരുവാൻ 1993 ൽ ഒരു ഹാൾ പണിതു. സഭാഹാൾ പുതുക്കി പണിയേണ്ടതിനു അടിയന്തിര ആവശ്യം ഇപ്പോൾ നേരിട്ടിരിക്കുന്നു. ദൈവജനത്തിന്റെ പ്രാർത്ഥനാ പൂർവ്വമായ സഹകരണം ഈയവസരത്തിൽ അഭ്യർത്ഥിക്കുകയും ചെയ്യുന്നു.

1996ൽ വൈ.എം.ഇ.എഫ് ക്യാമ്പിനോടനുബന്ധിച്ച് നടന്ന പ്രവർത്തനങ്ങളിൽ സുവിശേഷ വിരോധികളിൽ നിന്ന് എനിക്കും സഹപ്രവർത്തകനും മർദ്ദനമേറ്റിട്ടുണ്ട്. സുവിശേഷ വിരോധികളുടെ കടുത്ത ഭീഷണിയും അപമാനവും ഊമക്കത്തും സഹിക്കേണ്ടിവന്നിട്ടുണ്ട്. രക്ഷിക്കപ്പെട്ടു വരുന്ന വിശ്വാസികളെ ദുരുപദേശക്കാർ കൊണ്ടുപോകുവാൻ ശ്രമിച്ച ഘട്ടങ്ങളിൽ ഉപദേശ വിഷയങ്ങളിൽ വലിയ പോരാട്ടം കഴിക്കേണ്ടിവന്ന സന്ദർഭങ്ങൾ ധാരാളം. സ്നാനസന്ദർഭങ്ങളിൽ ഒരു ജീപ്പ് നിറയെ ബി.ജെ.പി. യുവാക്കന്മാർ വന്ന് ഭീഷണിപ്പെടുത്തുകയും നിലത്തും മരത്തിലും വെള്ളത്തിലും തങ്ങളുടെ അമർഷം കല്ലുകൊണ്ട് എറിഞ്ഞു തീർക്കുകയും ചെയ്തെങ്കിലും ഉപദ്രവിച്ചില്ല. അമേരിക്കയുടെ ചാരൻ എന്നുപറഞ്ഞ് ഒരു വ്യക്തി എന്നെ ബസ്സിനകത്തും ടൗൺ പരിസരത്തും നിരന്തരമായി ശല്യപ്പെടുത്തിക്കൊണ്ടിരുന്നു. ദൈവം ഈ വ്യക്തിയെ അധികനാൾ തുടരാൻ അനുവദിച്ചില്ല.

മാതൃകപരമായി എന്തെങ്കിലും ലഭിച്ചിട്ടുണ്ടെങ്കിൽ കുമ്പനാട് ബഥനി ബൈബിൾ സ്കൂളിലെ അദ്ധ്യാപകരിൽ നിന്നും കർത്തൃസന്നിധിയിൽ വിശ്രമിക്കുന്ന ടി.എം. ജോർജ്ജ് സാർ നന്നുവക്കാട്, ടി.കെ. സാമുവേൽ സാർ, തുടങ്ങിയ കർത്തൃദാസരിൽ നിന്നുമാണ്. ഇവരൊക്കെ സുവിശേഷവേലയിൽ ഏറെ പ്രോത്സാഹനമായി നിന്നവരാണ്. സൗത്ത് ഡിവിഷൻ വൈ.എം.ഇ.എഫ് പ്രവർത്തനത്തിന് റയ്ച്ചൂരിലുള്ള യാത്രാമദ്ധ്യേ ഒരു സുവിശേഷ വിരോധി 2011 സെപ്തംബർ മാസം മുഖത്ത് അടിക്കുകയും മൂന്നുപ്രാവശ്യം തൊഴിക്കുകയും ചെയ്ത അനുഭവം ഉണ്ടായി. തിക്താനുഭവങ്ങൾ ധാരാളം നേരിട്ടെങ്കിലും കർത്തൃവേലയിലോ, ആരാധനകൂടിവരവുകളിലോ, ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കുന്ന കാര്യത്തിലോ പിന്നോട്ടു പോയിട്ടില്ല. തളർത്തിയിട്ടില്ല. ദൈവം ആഗ്രഹിക്കുന്ന വിധത്തിൽ ജീവിക്കുവാനും പ്രവർത്തിക്കുവാനും കഴിഞ്ഞു എന്ന് അവകാശപ്പെടുന്നില്ല. പരിമിതികൾ ധാരാളം. ദൈവം കരുണ ചെയ്യുന്നു.

കാസർകോഡ് ജില്ലയുടെ വടക്ക് കിഴക്കായി സ്ഥിതി ചെയ്യുന്ന കുടക് അതിർത്തി പ്രദേശങ്ങ

ളായ ഇവിടം കുത്തനെയുള്ള മലകളാൽ ചുറ്റപ്പെട്ട പ്രദേശം. കുടിയേറ്റക്കാർ ധാരാളം. മുഖ്യമായും ലഘുലേഖാവിതരണം, ഭവനസന്ദർശനം, സഭാപരിപാലനം തുടങ്ങിയ ശുശ്രൂഷകൾ ദൈവകൃപയിൽ ശരണപ്പെട്ട് ചെയ്തുകൊണ്ടിരിക്കുന്നു.

ഹാർട്ട് സംബന്ധമായ അസുഖത്തിന് തിരുവല്ലാ മെഡിക്കൽ മിഷനിലും കോഴിക്കോട് മെഡിക്കൽ കോളേജിലും ചികിത്സയിലിരുന്നു. ഇപ്പോഴും മരുന്ന് തുടരുന്നു. അതിനോടനുബന്ധിച്ചുള്ള ശാരീരികവിഷമങ്ങൾ അലട്ടുന്നുണ്ട്. മകൻ നിസ്സൽ, ഭാര്യ ജിൻസി മകൻ ഏബെൽ ഞങ്ങളോടൊപ്പം താമസിക്കുന്നു. ഈറോഡ് സൗത്ത് ഡിവിഷൻ വൈ.എം.ഇ.എഫ് സുവിശേഷ പ്രവർത്തനത്തിൽ സുവിശേഷ വിരോധികൾ 10 സഹോദരന്മാരെ അതിക്രൂരമായി മർദ്ധിച്ച കൂട്ടത്തിൽ എന്റെ മകനും ഉണ്ടായിരുന്നു.

മൂന്നാമത്തെ മകൾ നിജി ഭർത്താവ് തോമസ്, മകൻ കാൽവിൻ. കുടുംബമായി കട്ടപ്പനയിൽ, കട്ടപ്പന സഭയിലെ സുവിശേഷകനാണ്. കൂടാതെ തൃശ്ശൂർ രഹ്ബോത്ത് സെമിനാരിയിൽ പഠിപ്പിക്കുകയും ചെയ്യുന്നു. കഴിഞ്ഞ 26 കൊല്ലമായി കർത്തൃവേലയെ സ്നേഹിക്കുന്ന ദൈവജനത്തിന്റെ നന്മകൾ ധാരാളം അനുഭവിപ്പാൻ ഇടയായത് നന്ദിയോടെ ഓർക്കുന്നു.

Evg. K.V. Thomas
Kuttiyil House, Parappa (via) P.O.
Punnakkunnu - 671 533, Mob : 9446773174

# വചനമാരിയായി കിഴക്കേ കോട്ട – കൺവൻഷൻ



ഡോ. ഡി പ്രഭുദാസ് സംസാരിക്കുന്നു.
സഹോ. എം.എ. ജോയി ഭാഷാന്തരം ചെയ്യുന്നു.



സഹോ. പി.വി. ജെയിംസ് സംസാരിക്കുന്നു.




കൺവൻഷനിലെ വേർപാട് കൗണ്ടർ

**തൃശ്ശൂർ** : കിഴക്കേക്കോട്ട ബ്രദറൺ ചർച്ചിന്റെ ആഭിമുഖ്യത്തിൽ നടന്നു വരുന്ന സുവിശേഷ മഹായോഗത്തിന്റെ 110–ാമതു യോഗം 2012 ഏപ്രിൽ 5–8 വരെ തീയതികളിൽ അനുഗ്രഹകരമായി നടന്നു. സഹോദരന്മാരായ പി.വി. ജെയിംസ് (വാളകം), ഡോ. ഡി. പ്രഭുദാസ് (കർണൂൽ) എന്നിവർ വചനം ശുശ്രൂഷിച്ചു. സഹോദരീ സമ്മേളനവും സണ്ടേസ്കൂൾ വാർഷികവും കൺവൻഷനോടനുബന്ധിച്ച് നടന്നു.

യഹൂദാ ഗോത്രത്തിലെ സിംഹമായ നമ്മുടെ കർത്താവിന്റെ സ്നേഹത്തെയും രക്ഷയെയും കുറിച്ച് സിംഹഗർജ്ജനം പോലെ ഉത്ഘോഷിച്ച സഹോ. പി.വി. ജെയിംസും അസമാധാനം നിറഞ്ഞ ലോകത്തിൽ സമാധാനവും ശാന്തതയും എങ്ങനെ കൈവരിക്കാം എന്നു ശാന്ത സ്വരത്തിൽ സംസാരിച്ച ഡോ. ഡി. പ്രഭുദാസും ഈ വർഷത്തെ കൺവൻഷന്റെ സവിശേഷതയായിരുന്നു. വചനത്തിനായുള്ള ആത്മാർത്ഥമായ ദാഹത്തോടെ കൂടിവന്നവരെ കാണുവാൻ ഇടയായതിൽ തന്റെ ഹൃദയം പുളകമണിയുന്നുവെന്നു സഹോ. പി.വി. ജെയിംസ് സമാപന സന്ദേശത്തിൽ പറഞ്ഞു. ഹാർട്ട് ബീറ്റ്സിന്റെ ഗാനശുശ്രൂഷയും കൺവൻഷനു കൂടുതൽ പകിട്ടേകി. എറണാകുളം, തൃശ്ശൂർ ജില്ലകളിൽ നിന്നും അനേകർ കൺവൻഷനിൽ പങ്കെടുത്തു. വചനത്തിനായുള്ള ദാഹവും ആത്മീക കൂട്ടായ്മ അനുഭവിക്കുന്നതിനുള്ള വാഞ്ചയും പ്രതിഫലിക്കുന്ന യോഗങ്ങളായിരുന്നു. ശുശ്രൂഷകരും വിശ്വാസികളും നിറഞ്ഞ സന്തോഷത്തോടും ചാരിതാർത്ഥ്യത്തോടും കൂടെയാണ് പിരിഞ്ഞുപോയത്.

സമാപനസമ്മേളനത്തിൽ സഹോദരന്മരായ ബാബു വർഗ്ഗീസ്, എം.പി. ഗോഡ്ലി, ജെയിംസ് വില്യംസ് തുടങ്ങിയവർ പ്രാർത്ഥിച്ചു. ഈ യോഗങ്ങളിൽ 4 പേർ കർത്താവിനെ സ്വീകരിച്ചതായി അറിയുന്നു. കിഴക്കേ കോട്ട സഭയെയും പ്രവർത്തനങ്ങളെയും തുടർന്നും പ്രാർത്ഥനയിൽ ഓർക്കുക.

# വേർപാട് വിവാഹ വേദി
## Verpad Matrimonial

ദൈവജനത്തിന്റെ അഭ്യർത്ഥനയെ മാനിച്ച്, ബ്രദറൺ വിശ്വാസികൾക്ക് തങ്ങളുടെ മക്കൾക്ക് അനുയോജ്യരായ വധൂവരന്മാരെ കണ്ടെത്തുന്നതിന് ഉപകരിക്കുന്ന ഒരു പംക്തി വേർപാട് വിവാഹവേദി എന്ന പേരിൽ ആരംഭിക്കുന്നു. ഈ പംക്തിയിൽ മക്കളെ പരിചയപ്പെടുത്താനാഗ്രഹിക്കുന്നവർ പാസ്പോർട്ട് സൈസ് ഫോട്ടോയും ചുവടെ കൊടുത്തിരിക്കുന്ന മാതൃകപ്രകാരം ബയോഡാറ്റയും അയച്ചു തരിക. നിങ്ങളുടെ ബയോഡാറ്റയും ഫോട്ടോയും വേർപാട് ഓഫീസിൽ സുരക്ഷിതമായിരിക്കും. 3 മാസത്തേക്ക് തുടർച്ചയായി ന്യൂസ് പ്രസിദ്ധീകരിക്കുന്നതും താൽപര്യത്തോടെ അന്വേഷിക്കുന്നവർക്ക് വിവരങ്ങൾ നൽകുന്നതുമാണ്. 4 മാസത്തിനകം ഒരു പ്രതികരണവും ലഭിക്കാതിരിക്കുകയോ വിവാഹം നടക്കുകയോ ചെയ്താൽ ബയോഡാറ്റയും ഫോട്ടോയും തിരികെ അയച്ചു തരുന്നതാണ്. വേർപാട് വിവാഹവേദി പരസ്പരം അറിയുന്നതിനുള്ള വേദി മാത്രമാണ്. തുടരന്വേഷണങ്ങൾ കുടുംബങ്ങളും സഭകളും പരസ്പരം അറിഞ്ഞു ചെയ്യേണ്ടതാണ്. സത്യസന്ധമായ വിവരങ്ങൾ പരസ്പരം കൈമാറുന്നത് സന്തുഷ്ട കുടുംബജീവിതത്തിനും ദൈവനാമമഹത്വത്തിനും ഒഴിവാക്കാനാവാത്ത കാര്യമാണ്. (ബ്രദറൺ വിശ്വാസികളുടെ വാർത്തകൾ മാത്രമേ ഈ പംക്തിയിൽ പ്രസിദ്ധീകരിക്കുകയുള്ളൂ.)

**വേർപാട് വിവാഹ വേദി**

പേര് :......................................................................................................................................................

രക്ഷകർത്താവിന്റെ പേര് : ...................................................................................................................

വിലാസം : ...............................................................................................................................................

ഫോൺ ..................................................................... മൊബൈൽ..............................................................

വയസ്സ് : .................................................................... ജനനതീയതി.........................................................

വിദ്യഭ്യാസ യോഗ്യത.............................................................................................................................

തൊഴിൽ...................................................................................................................................................

ഉയരം....................................................................... നിറം .......................................................................

രക്ഷിക്കപ്പെട്ടതാണോ?..........................................................................................................................

സ്നാനപ്പെട്ടതാണോ?.............................................................................................

ബ്രദറൺ കൂട്ടായ്മയിലാണോ?..............................................................................

സ്ഥലം സഭ (മാതൃസഭ).............................................................................................................................

ഇപ്പോൾ കൂട്ടായ്മയിലുള്ള സഭ.................................................................................................................

മൂപ്പന്മാർ :

1. പേര്. .................................................................................... ഫോൺ..................................................

2. പേര്..................................................................................... ഫോൺ ...................................................

വധു/ വരനെക്കുറിച്ചുള്ള നിങ്ങളുടെ പ്രതീക്ഷ.........................................................................................

...............................................................................................................................................................

ഫോട്ടോ വേർപാടു വാർത്താപത്രികയിൽ പ്രസിദ്ധീകരിക്കാനാഗ്രഹിക്കുന്നുവോ?

# എസ്.ബി.എസ് ടീൻസ് ക്യാമ്പ് സമാപിച്ചു

**പുത്തൻകാവ്** : ടീനേജേഴ്സിനു വേണ്ടി സുവിശേഷകൻ ബാലസംഘത്തിന്റെ ചുമതലയിൽ നടന്നു വരുന്ന ടീൻസ് സ്പെഷ്യൽ ക്യാമ്പ് ഈ വർഷവും ഏപ്രിൽ 2-6 വരെ തീയതികളിൽ അനുഗ്രഹകരമായി നടന്നു. ഈ വർഷത്തെ ക്യാമ്പ് സഹോ. അലക്സ് ശാമുവേൽ (ഷാർജ) ഉദ്ഘാടനം ചെയ്തു. ഉദ്ഘാടന സമ്മേളനത്തിൽ സഹോ. ഏബ്രഹാം തോമസ് (പുല്ലാട്) അദ്ധ്യക്ഷനായിരുന്നു. സഹോ. ജോയി മാത്യു മുഖ്യ സന്ദേശം നൽകി. കുട്ടികളും ലീഡേഴ്സും മുൾപ്പെടെ 500 പേർ പങ്കെടുത്തു. അടിസ്ഥാന ഉപദേശങ്ങൾ ഉൾപ്പെടുത്തിയ വിഷയക്രമങ്ങളാണ് ടീൻസ് ക്യാമ്പിലുള്ളത്. 15ൽപരം കുട്ടികൾ രക്ഷയ്ക്കായും 150 കുട്ടികൾ സ്നാനമേൽക്കുന്നതിനായും തീരുമാനങ്ങളെടുത്തു. ഏപ്രിൽ 6 നു നടന്ന സമാപനസമ്മേളനത്തിൽ സഹോ. എം.സി. ജോർജ്ജ് അദ്ധ്യക്ഷനായിരുന്നു. സഹോ. ജോയി ജോൺ സമാപനസന്ദേശം നൽകി. സഹോ. ജോയി മാത്യുവിന്റെ പ്രാർത്ഥനയോടെ യോഗം പര്യവസാനിച്ചു. എസ്.ബി. എസിന്റെ ചുമതലയിൽ നടന്നു വരുന്ന വി.ബി.എസ്, ഗൾഫ് സ്റ്റുഡന്റ്സ് ക്യാമ്പ്, ജനറൽ ക്യാമ്പ് തുടങ്ങിയ പ്രവർത്തനങ്ങളെയും ദൈവജനം തുടർന്നും പ്രാർത്ഥനയിൽ ഓർക്കണമെ.



സഹോ. അലക്സ് ശാമുവേൽ ക്യാമ്പ് ഉദ്ഘാടനം ചെയ്യുന്നു.




ക്യാമ്പിൽ സഹോ. അലക്സ് മേൽപ്പാടം സംസാരിക്കുന്നു.




സഹോ. ജോയി മാത്യു മുഖ്യ സന്ദേശം നൽകുന്നു.



സഹോ. ഏബ്രഹാം തോമസ് (പുല്ലാട്) അദ്ധ്യക്ഷപ്രസംഗം നടത്തുന്നു.

# ലേവ്യാ പുസ്തകം




ബൈബിളിലെ മൂന്നാമത്തെ പുസ്തകം. യിസ്രായേൽ, പ്രത്യേകിച്ചു പുരോഹിത ശുശ്രൂഷ ചെയ്യുന്ന ലേവി ഗോത്രക്കാർ അനുഷ്ഠിക്കേണ്ട കാര്യങ്ങൾ പ്രതിപാദിക്കുന്നു. മിസ്രയീം അടിമത്വത്തിൽ നിന്നും വീണ്ടെടുക്കപ്പെട്ട യിസ്രായേൽ ജനം അനുവർത്തിക്കേണ്ട ആരാധനാ ക്രമവും ജീവിതരീതിയും എങ്ങനെ ആയിരിക്കണമെന്നും ശുദ്ധീകരണ മാർഗ്ഗങ്ങളും ആദ്യഭാഗത്തും ദൈവജനമായി ജീവിക്കുന്ന വിധങ്ങൾ രണ്ടാം ഭാഗത്തും പ്രതിപാദിക്കുന്നു.

**ഗ്രന്ഥകാരൻ** : മോശെ

**എഴുതിയ കാലയളവ്** : 1445 – 1406 ബി.സി.

**പ്രധാനവിഷയങ്ങൾ**

വിശുദ്ധി ( 11:44, 45, 19:2–4)

നീതി (19 അ)

ഉടമ്പടി (26 അ)

നന്ദി ( 23 അ)

**തീം** : വിടുതൽ, വിശുദ്ധി

**താക്കോൽ വാക്യം** : 19 : 2

**രേഖാരൂപം**

1. യാഗം 1:1–6:23
2. പുരോഹിതർ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ 6: 24–7:38)
3. പുരോഹിതരുടെ നിയമനം 8 :1 –10:20
4 ശുദ്ധിയുള്ളതും അശുദ്ധമായതും 11:1–15:33
5. പ്രായശ്ചിത്ത യാഗം 16 : 1–34
6. നീതിയും വിശുദ്ധിയുമുള്ള ജീവിതം 17:1–22:33
7. സാമൂഹ്യ ജീവിത ക്രമീകണം 23:1–25:55
8. ഉപസംഹാരം 26:1 – 27:34

**ലേവ്യാ യാഗങ്ങൾ (7:37)**

1. ഹോമയാഗം 1:1–17
2. ഭോജനയാഗം 2 : 1–16
3. സമാധാനയാഗം 3: 1–17
4. പാപയാഗം 4: 1–35
5. അകൃത്യ യാഗം 5:1–19
6. കരപൂരണയാഗം

**ഉൽസവങ്ങൾ / പെരുന്നാൾ**

1. പെസഹാ പെരുന്നാൾ
2. പുളിപ്പില്ലാത്ത അപ്പത്തിന്റെ പെരുന്നാൾ
3. ആദ്യഫല പെരുന്നാൾ
4. പെന്തക്കോസ്തു പെരുന്നാൾ
5. കാഹളപ്പെരുന്നാൾ
6. കൂടാരപ്പെരുന്നാൾ

## ബൈബിൾ ക്വിസ് അറിയിപ്പ്

ബൈബിൾ ക്വിസിൽ ജയിക്കുന്നവരുടെ പേരുകൾ ഒരു ലക്കം വൈകിയാണ് പ്രസിദ്ധീകരിച്ചത്. തപാൽ താമസം മൂലം ചിലരുടെ ഉത്തര കടലാസ്സുകൾ വൈകിയാണ് വേർപാട് ഓഫീസിൽ ലഭിക്കുന്നത്. നിരാശരാകാതെ തുടർന്നും ഉത്തരങ്ങൾ അയക്കുക. ശരിയുത്തരം അയച്ചവരുടെ പേരുകൾ വരും ലക്കങ്ങളിൽ ക്രമമായി പ്രസിദ്ധീകരിക്കുന്നതാണ്. ഈ ലക്കത്തിൽ ഉല്പത്തി പുസ്തകത്തിലെ ചോദ്യങ്ങൾക്കുള്ള ഉത്തരവും വിജയികളുടെ പേരും ചേർത്തിരിക്കുന്നു.

(ക്വിസ് മാസ്റ്റർ)




ഈ ക്വിസിൽ ആർക്കും ചേരാം. ശരിയുത്തരം എല്ലാ മാസവും 25 നു മുമ്പ് ലഭിക്കും വിധം അയക്കുക. ഉത്തരകടലാസിൽ പേര്, വയസ്, തൊഴിൽ, സ്ഥലം സഭ തുടങ്ങിയ വിവരങ്ങൾ ചേർക്കണം. ഓരോ ലക്കവും ഓരോ പുസ്തകത്തിൽ നിന്നുമുള്ള ചോദ്യങ്ങൾ നൽകുന്നു. ഉത്തരങ്ങൾക്കൊപ്പം റഫറൻസ് കൂടി നൽകുക. 12 മാസവും തുടർച്ചയായി ശരിയുത്തരം അയക്കുന്നവർക്കു സമ്മാനങ്ങൾ നൽകുന്നതാണ്.

## ലേവ്യാ പുസ്തകം

1. കല്ലെറിഞ്ഞു കൊല ചെയ്യപ്പെട്ടയാളിന്റെ അമ്മയുടെ പേരെന്ത്? എന്തിനാണ് കല്ലെറിഞ്ഞു കൊന്നത്?
2. ഏത് ആടിനെയാണ് മരുഭൂമിയിൽ കൊണ്ടു വിടേണ്ടത്?
3. യഹോവയുടെ സന്നിധിയിൽ മരിച്ചു പോയവരുടെ ജഡം പാളയത്തിന് പുറത്തു കൊണ്ട് പോയത് ആര് ? ആരുടെയൊക്കെ ജഡമാണ് പുറത്തു കൊണ്ടുപോയത്?
4. ദശാംശം വീണ്ടെടുക്കണമെങ്കിൽ എന്ത് ചെയ്യണം?
5. 20 വയസ്സു മുതൽ 60 വയസ്സു വരെയുള്ള പുരുഷന്റെയും സ്ത്രീയുടെയും മതിപ്പ് വില എത്ര?
6. അശുദ്ധമായ മൃഗത്തിന്റെ കടിഞ്ഞൂലിനെ എന്തു ചെയ്യേണം?
7. 2 കാര്യം തിന്നരുത് എന്നുള്ളത് നിങ്ങളുടെ സകല വാസസ്ഥലങ്ങളിലും തലമുറ തലമുറയായി എന്നേയ്ക്കുമുള്ള ചട്ടം ആയിരിക്കേണം. തിന്നരുതാത്തത് എന്താണ്?
8. മൃഗങ്ങളിൽ ഏത് തരത്തിലുള്ളവയാണ് തിന്നാവുന്നത്?
9. വൃക്ഷം നട്ട് ഫലം ഉണ്ടായ ശേഷം എത്രാമത്തെ വർഷമാണ് ഫലം കഴിക്കാവുന്നത്?
10. യിസ്രായേൽ മക്കളുടെ ഒരോ അമ്പതാമത് വർഷത്തിന് ഒരു പ്രത്യേക പേര് പറയുന്നു. പേരെന്ത്?
11. അധരങ്ങൾ കൊണ്ട് അറിയാതെ പാപം ചെയ്താൽ എന്ത് ചെയ്യേണം?
12. പുരോഹിതന്റെ മകൾ ദുർന്നടപ്പ് ചെയ്താൽ എന്ത് ചെയ്യേണം?

**Quiz Master**

**അയയ്ക്കേണ്ട വിലാസം** : Anand villa,143, Maveli Nagar
Cochin University P.O.,
Ernakulam 682 022

**ഉല്പത്തിപുസ്തകത്തിൽ നിന്നുള്ള ചോദ്യങ്ങളുടെ ഉത്തരങ്ങൾ**

1. യെഹൂദ - (49:10)
2. കെരൂബ് - (3:24)
3. അരാം - (10:23)
 നാഹോർ - (22:21)
4. നിമ്രോദ് - (10:8)
5. താമാർ, യെഹൂദ - (38:18)
6. യാക്കോബ് - (32:18,20)
7. 962 - (5:20)
8. യാക്കോബ് - (37:34)
9. അബ്രഹാം - (23:16)
10. ദൈവത്തിന്റെ ദൂതൻ ഹാഗറിനോട് - (21:17)
11. യാക്കോബ് - പെനീയേൽ (32:31)
12. സാക്ഷ്യത്തിന്റെ കൂമ്പാരം - (31:47)

**എല്ലാ ഉത്തരവും ശരിയാക്കിയവർ**

1. കെസിയ ജോർജ്ജ്, മംഗലത്തു കോണം
2. ജെയ്നമ്മ മാത്യു, കുറ്റപ്പുഴ
3. ജിബിൻ ബില്ലി പോൾ, പോത്താനിക്കാട്
4. മേരി എൻ.വി., പുത്തൻവേലി
5. ഷീജ ജയൻ , മുളന്തുരുത്തി
6. ബേബി കുരിയാക്കോസ്, കടമറ്റം
7. സുനി ഷാജി, ദമാം

**10 ൽ കൂടുതൽ ശരിയാക്കിയവർ**

1. മൈക്കിൾ അബ്രഹാം, കൊച്ചി
2. എലിസബത്ത് സാം, കളമശ്ശേരി
3. ഗ്രേസി ആൽബർട്ട് , പള്ളിക്കര
5. കെ.ജെ. ഡാനിയേൽ, മല്ലപ്പിള്ളി
6. മറിയാമ്മ തോമസ്, കുന്നത്താനം
7. ഹെലൻ പി. സാബു, മുളന്തുരുത്തി
8. മെറിൻ പി. സാബു, മുളന്തുരുത്തി
9. പോൾ കുരിയാക്കോസ് ജെയിംസ്, കടമറ്റം
10. നിസ്സി കെ.ജെ., ശാന്തിപുരം
11. എലിസബേത്ത് ജോസഫ്, തിരുവല്ല
12. ഗ്രേസി ജോസ്, ഈസ്റ്റ് ഫോർട്ട്

# വൈ.എം.ഇ.എഫ്. ബൈബിൾ ക്യാമ്പ്



സഹോ. ശമുവേൽ ബി. തോമസ്

**വാളകം :** വൈ.എം.ഇ.എഫ്. വടക്കൻ വിഭാഗം ട്രസ്റ്റിന്റെ ചുമതലയിൽ വർഷം തോറും നടന്നുവരുന്ന ബൈബിൾ ക്യാമ്പ് ഈ വർഷവും ഏപ്രിൽ 4-7 വരെ വാളകം ബ്രദറൺ സഭാ ഹാളിൽ വച്ച് നടന്നു. മുൻ വർഷങ്ങളെ അപേക്ഷിച്ച് വിശ്വാസികളുടെ പങ്കാളിത്തം വളരെ കൂടുതലായിരുന്നു. 350-450 വരെ വിശ്വാസികൾ പ്രതിദിനം വചനപഠനത്തിനായി എത്തിയിരുന്നു. വചനത്തിനായുള്ള ദാഹം ദൈവജനത്തിനിടയിൽ വർദ്ധിക്കുന്നു എന്നതിനുള്ള തെളിവാണിതു. പല സ്ഥലം സഭകളിലും ബൈബിൾ ക്ലാസ്സുകൾ ഇല്ലാത്തതിനാൽ ഇത്തരം ക്യാമ്പുകൾ വിശ്വാസികൾക്കു ഏറെ പ്രയോജനകരമാണ്. അതു പ്രയോജനപ്പെടുത്താനുള്ള ആഗ്രഹം വർദ്ധിക്കുന്നതു നല്ല ലക്ഷണമാണ്.

സഹോദരന്മാരായ ജോസ് മാങ്കുടി (വയനാട്), ശമുവേൽ ബി. തോമസ് (യു.പി), കുഞ്ഞുമോൻ ദാനിയേൽ (കളമശ്ശേരി) എന്നിവർ ക്ലാസ്സുകളെടുത്തു. ക്രിസ്തുവിന്റെ ഭയത്തിൽ അന്യോന്യം കീഴ്പ്പെട്ടിരിക്ക എന്ന വിഷയം ആസ്പദമാക്കി സഹോ. ജോസ് മാങ്കുടി നൽകിയ സന്ദേശം ഹൃദയസ്പർശിയായിരുന്നു. കുടുംബത്തിലും സ്ഥലം സഭയിലും ദൈവം ഓരോ വ്യക്തിയേയും ആക്കിയിരിക്കുന്ന സ്ഥാനങ്ങളിലും ശുശ്രൂഷകളിലും ആത്മാർത്ഥത പുലർത്തണമെന്ന് അദ്ദേഹം ഓർപ്പിച്ചു. ശുശ്രൂഷകരും വിശ്വാസികളും സഭാ കാര്യങ്ങളിൽ സജീവ പങ്കാളിത്തമുള്ളവരായിരിക്കണമെന്നും, ദൈവത്തിന്റെ സഭയെന്ന ബോദ്ധ്യത്തിൽ പരസ്പരം ബഹുമാനിച്ചു കീഴടങ്ങിയിരിക്കണമെന്നും അദ്ദേഹം വചനത്തെ ആസ്പദമാക്കി പ്രബോധിപ്പിച്ചു.



സഹോ. ജോസ് മാങ്കുടി

പത്രോസ് അപ്പോസ്തലന്റെ ജീവിതം ആസ്പദമാക്കി സഹോ. ശമുവേൽ ബി. തോമസും വിജയകരമായ ക്രിസ്തീയ ജീവിതത്തിനുള്ള 5 നിർദ്ദേശങ്ങൾ എന്ന വിഷയത്തിൽ സഹോ. കുഞ്ഞുമോൻ ദാനിയേലും എടുത്ത ക്ലാസ്സുകളും വിശ്വാസികൾക്ക് ഏറെ അനുഗ്രഹപ്രദമായിരുന്നു. വഷളത്വം പെരുകുന്ന ലോകസാഹചര്യത്തിൽ സ്വർഗ്ഗീയ മന്നയാകുന്ന വചനത്തോടു വിശ്വാസികൾക്കുള്ള വാഞ്ചയെ പോഷിപ്പിക്കുന്നതിന് ഇത്തരം ക്യാമ്പുകൾ ഏറെ പ്രയോജനകരമാണ്. ആണ്ടിലൊരിക്കൽ മാത്രം നടക്കുന്ന ക്യാമ്പിനെ മാത്രം ആശ്രയിക്കാതെ സ്ഥലം സഭകളിലും ബൈബിൾ ക്ലാസ്സുകൾ ക്രമീകൃതമായി നടത്തേണ്ടത് ആവശ്യമാണ്. വൈ.എം.ഇ.എഫ് വടക്കൻ വിഭാഗം ട്രസ്റ്റിന്റെ പ്രവർത്തനങ്ങളെ തുടർന്നും പ്രാർത്ഥനയിൽ ഓർക്കുക.

If Undelivered Please return to

LOGOS BHAVAN
Maneed P.O.
Ernakulam 686726
Kerala

PRINTED MATTER

TO.




**This Publication is owned by Dr. Saneesh Cherian and Printed at Maptho Printings, Kalamassery for Brethren Research Group**